# KANNUR UNIVERSITY

# MINUTES OF THE MEETING OF THE SENATE

**DATE: 22nd DECEMBER 2020 (TUESDAY)**
**TIME: 10.00 AM**
**MODE/VENUE: ONLINE**

**<u>MEMBERS PRESENT</u>**:

1. Prof. Gopinath Ravindran (Vice-Chancellor)
2. Dr.P.T.Raveendran (Pro-Vice-Chancellor)
3. Dr. V.P.P. Mustafa
4. Dr.T.P. Ashraf
5. Dr. P.P. Jayakumar
6. Dr. K.T. Chandramohanan
7. Sri. Pramod Kumar K.V
8. Dr. Prasadan P.K
9. Sri. M.C. Raju
10. 10.Dr.K.Sreejith
11. Prof.P.Mahesh Kumar
12. Prof.V.Lissy Mathew
13. Dr. Rakhi Raghavan
14. Smt. N Sukanya
15. Smt. M. Sreelekha
16. Dr. Dominic Thomas
17. Sri. K.V. Unnikrishnan
18. Dr. M. Sini
19. Dr. Joby K Jose
20. Dr. Manjula K.V
21. Sri. Vijayan K
22. Sri. Jayakrishnan T.V
23. Sri. Ismail Olayikkara
24. Sri. Shanavas S.M
25. Dr. Swarupa R
26. Smt. Latha E.S
27. Dr. R.K. Biju
28. Dr. Premachandran Keezhoth
29. Smt. Sona P
30. Sri. Vijayakumar V
31. Dr. Suresh Kumar K.S

32. Dr. Shanoj M.P
33. Sri. A.A. Jaleel
34. Sri. Saju .P.J
35. Sri. Satheesan P.K
36. Sri. M.P.A. Rahim
37. Adv. P. Appukuttan
38. Smt. Sisira, Chairman, University Union

Also present: Sri.E.V.P Mohammed,Registrar

3.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.
The meeting thereafter considered the items on the agenda.

I. **<u>Questions asked by the Members of the Senate and answers thereto by the Syndicate</u>**

Q.No. 1

<u>Dr. PREMACHANDRAN KEEZHOTH</u>

നെറ്റ് വർക്ക് കണക്ടിവിറ്റിയുടെ പേരിൽ സ്കൈപ്പ് ഇന്റർവ്യൂവിന് അവസരം നിഷേധിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുള്ള എന്ത് നടപടിയാണ് സർവ്വകലാശാല എടുക്കാൻ പോകുന്നത്?.

**<u>ഉത്തരം</u>** - Dr. V.P.P. Mustafa : നെറ്റ് വർക്ക് കണക്ടിവിറ്റിയുടെ പേരിൽ സ്കൈപ്പ് ഇന്റർവ്യൂവിന് അവസരം നിഷേധിക്കപ്പെട്ട സാഹചര്യം നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. അത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

Q.No. 2

<u>Dr. SURESH KUMAR K.S</u>

3.26 ഗ്രേഡ് പോയിന്റ് ലഭിക്കാത്തതുകൊണ്ട് കണ്ണൂർ സർവ്വകലാശാലയ്ക്ക് കേന്ദ്ര നിയമ പ്രകാരം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താനാവില്ല. ഓപ്പൺ സർവ്വകലാശാല കേരളത്തിൽ സ്ഥാപിതമായപ്പോൾ ഈ വർഷം കോഴ്സുകൾ ആരംഭിക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ അതുണ്ടാവില്ലെന്ന് പ്രസ്തുത സർവ്വകലാശാലാ വൈസ് ചാൻസിലർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റ് സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ പറ്റും. കണ്ണൂർ സർവ്വകലാശാലയ്ക്ക് മാത്രമാണ് ഇത് സാധിക്കാതെ വരിക. പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് തുടർപഠനം നടത്താനുതകുന്ന

പ്രൈവറ്റ് രജിസ്ട്രേഷന് വേണ്ടി സർവ്വകലാശാല എന്തെങ്കിലും നിയമ ഭേദഗതി ചെയ്തിട്ടുണ്ടോ?. ഇതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ?.

<u>**ഉത്തരം**</u> - Dr. T.P. Ashraf : Letter No. : SDEI/SO SDE-I/415/2020(PARTI) Dated 12.08.2020 പ്രകാരം കണ്ണൂർ സർവ്വകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് കത്ത് അയച്ചിരുന്നു. എന്നാൽ കത്തിന് മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

3.02 21.12.2020 ന് നടന്ന സിന്റിക്കേറ്റ് യോഗം പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റഗുലേഷൻ അംഗീകരിക്കുകയും 2021 ജനുവരി മാസം മുതൽ പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി.പി. അഷറഫ് പറഞ്ഞു.

Q.No. 3

<u>Dr. JOBY K JOSE</u>

യുജിസി റെഗുലേഷൻ 2018 പ്രകാരം പ്രസ്തുത റെഗുലേഷൻ നിലവിൽ വന്ന തീയ്യതി മുതൽ 3 വർഷത്തേക്ക് സർവ്വകലാശാല, കോളേജ് അധ്യാപകർക്ക് യുജിസി 2010 റെഗുലേഷൻ പ്രകാരമോ യുജിസി 2018 റെഗുലേഷൻ പ്രകാരമോ സി.എ.എസ്. പ്രൊമോഷന് വേണ്ടി ഓപ്ഷൻ നൽകാം എന്ന് വ്യക്തമാക്കി യിട്ടുണ്ട്. ഇത് സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ടോ?. യുജിസി 2018 റെഗുലേഷൻ നിലവിൽ വന്നതിന് ശേഷം പ്രൊമോഷന് യോഗ്യത നേടിയ എത്ര കോളേജ്/സർവ്വകലാശാല അധ്യാപകർ 2010 പ്രകാരം പ്രൊമോഷൻ ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്?. ഇവർക്ക് പ്രൊമോഷൻ നൽകുന്ന കാര്യത്തിൽ സർവ്വകലാശാല API വെരിഫിക്കേഷൻ കമ്മിറ്റിയും സിൻഡിക്കേറ്റും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?. യുജിസി റെഗുലേഷൻ പ്രകാരം API വെരിഫിക്കേഷൻ കമ്മിറ്റിയുടെ അധികാരങ്ങൾ എന്തൊക്കെയാണ്?.

<u>**ഉത്തരം**</u> - Sri. Pramod Kumar K.V : UGC Regulations 2018 - നിലവിൽ വന്നതിനു ശേഷം പ്രത്യേക സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. UGC Regulations 2010 പ്രകാരം പ്രമോഷൻ ലഭിക്കുവാൻ വേണ്ടി 8 അദ്ധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ API സ്കോറുകൾ സ്കോർ വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് സെലക്ഷൻ കമ്മിറ്റി/സ്ക്രീനിംഗ് കമ്മിറ്റി മിനുട്സ് സിൻഡിക്കേറ്റ് പരിഗണനക്ക് വെക്കുകയുമാണ് പതിവ്. യു.ജി.സി. റെഗുലേഷനിൽ API വെരിഫിക്കേഷൻ കമ്മിറ്റിയുടെ അധികാരങ്ങൾ പരാമർശിച്ചിട്ടില്ല.

3.03 2019 വർഷത്തിൽ പയ്യന്നൂർ കോളേജിലെ 2 അദ്ധ്യാപകർക്ക് അസോസിയേറ്റ് പ്രൊഫസർ ആയി 2010 റഗുലേഷൻ പ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും

കോളേജ് അദ്ധ്യാപകർക്കും സർവ്വകലാശാല അദ്ധ്യാപകർക്കും പ്രൊമോഷൻ കൊടുക്കുമ്പോൾ തുല്ല്യമായ പരിഗണന നല്കണമെന്നും ഡോ. ജോബി. കെ. ജോസ് അഭിപ്രായപ്പെട്ടു.

3.04 ഡോ. ജോബി കെ. ജോസിന്റെ ഉപചോദ്യത്തിനുത്തരമായി 2018 റഗുലേഷൻ വരുന്നതിനു മുന്നേ 2010 ഉം 2016 ഉം ഓപ്ഷൻ ഉപയോഗിച്ചു കൊണ്ട് കോളേജ് അദ്ധ്യാപകർക്ക് പ്രെമോഷൻ നല്കിയിട്ടുണ്ടാവാമെന്ന് സിന്റിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

3.05 ഡോ. ആർ.കെ ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി API score verification committee പുതിയ കമ്മിറ്റിയല്ലെന്നും 2018 റഗുലേഷനിൽ പരാമർശിച്ച screening committee തന്നെയാണെന്നും വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 4

Smt. SISIRA T.K

സർവ്വകലാശാല ആസ്ഥാനം താവക്കരയിലെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് 6 വർഷം പൂർത്തിയായെങ്കിലും ഇതുവരെ വിദ്യാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്ന സ്റ്റുഡന്റ്സ് സെന്റർ, വെബ് സെന്റർ എന്നിവ കാര്യക്ഷമമായ നിലയിൽ പ്രവർത്തിക്കുന്ന സ്ഥിതി ഉണ്ടായിട്ടില്ല. ഉള്ള വെബ് സെന്ററിലാണെങ്കിൽ കംപ്യൂട്ടർ സൗകര്യവും പരിമിതമാണ്. വിദ്യാർത്ഥികൾ പുറത്തുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ പോയി വലിയ പണം മുടക്കിയാണ് ആവശ്യങ്ങൾ നിറവേറ്റുന്നത്. സർവ്വകലാശാലയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള വെബ് സെന്ററും സ്റ്റോറും സർവ്വകലാശാല കോമ്പൗണ്ടിനകത്തു തന്നെ ആരംഭിക്കുവാൻ വിദ്യാർത്ഥി സംഘടനയായ SFI നിരവധിതവണ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് സർവ്വകലാശാല എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?. പ്രവർത്തനങ്ങൾ ഏതുവരെയായി?.

**ഉത്തരം** - Dr. Rakhi Raghavan : കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിലെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും 2021 ജനുവരി 15 നകം പൂർത്തിയാക്കും.

Q.No. 5

Sri. M P A RAHIM

കോവിഡ് കാലഘട്ടമായതിനാൽ ഓൺ ലൈൻ പഠനം നടത്തുന്നുണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് ഫലപ്രദമായി ഓൺ ലൈൻ പഠനം ഉപയോഗിക്കാൻ കഴിയുന്നില്ല. പല കോളേജുകളും ഗ്രാമാന്തരീക്ഷത്തിൽ ആയതിനാൽ വൈദ്യുതി ഇന്റർനെറ്റ് പ്രശ്നങ്ങൾ നേരിടുന്നു. റെഗുലർ ക്ലാസുകൾ ആരംഭിക്കാതെ തന്നെ ഓൺ ലൈൻ പഠനം മുൻനിർത്തി യൂണിവേഴ്സിറ്റി പരീക്ഷകൾ ആലോചിക്കു

ന്നുണ്ടോ?. കൂടാതെ അദ്ധ്യയന വർഷാവസാനം മാർച്ച് 31 എന്നതിൽ വല്ല മാറ്റവും വരുത്തുന്നുണ്ടോ?.

**ഉത്തരം** - Dr. K. T. Chandramohanan : കോവിഡ് - 19 പശ്ചാത്തലത്തിൽ റഗുലർ ക്ലാസുകൾ ആരംഭിക്കാതെ തന്നെ ഓൺലൈൻ പഠനം മുൻനിർത്തി പരീക്ഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കുന്നത് പരീക്ഷ വിഭാഗമാണ്. 2020-21 അധ്യയന വർഷാവസാനം 2021 മാർച്ച് 31 എന്നതിൽ മാറ്റം വരുത്താനുള്ള അറിയിപ്പൊന്നും ഇതുവരെ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ലാത്ത തിനാൽ അധ്യയന വർഷാവസാനം മാറ്റം വരുത്താനുള്ള തീരുമാനം നിലവിൽ എടുത്തിട്ടില്ല.

3.06 ഡോ. പ്രേമചന്ദ്രൻ കീഴോത്തിന്റെ ഉപചോദ്യത്തിനുത്തരമായി കോളേജ് പ്രിൻസിപ്പൽ മുഖാന്തിരം അപേക്ഷിക്കുന്നവർക്ക് ലക്ഷദ്വീപ് കവരത്തിയിൽ പരീക്ഷയെഴുതാനുള്ള സാഹചര്യം നിലവിലുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ സെനറ്റിനെ അറിയിച്ചു.

3.07 ശ്രീ. സതീശൻ പി.കെയുടെ ഉപചോദ്യത്തിനുത്തരമായി ജനുവരി മാസത്തിൽ പ്രായോഗിക പരീക്ഷകൾ എങ്ങനെ നടത്താമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് യോഗം വിളിച്ചു തീരുമാനമാക്കാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ അറിയിച്ചു.

3.08 ശ്രീ. എ.എ. ജലീലിന്റെ ഉപചോദ്യത്തിനുത്തരമായി ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്താൻ പറ്റാത്ത സാഹചര്യമുള്ളതായി വിദ്യാർത്ഥികളിൽ നിന്നു പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും, ഇതു സംബന്ധിച്ച പരാതികൾ ലഭിക്കുകയാണെങ്കിൽ അത് പരിശോധിക്കാമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

Q.No. 6

Smt. SONA P

കോവിഡ് സാഹചര്യത്തിൽ ഇനി വരുന്ന സെമസ്റ്ററുകളിലും ഓൺ ലൈൻ, ഓഫ് ലൈൻ, ബ്ലന്റഡ് മോഡുകളിൽ ക്ലാസുകൾ തുടരേണ്ടി വരും. അധ്യാപകർക്ക് ഓൺ ലൈൻ ക്ലാസുകൾ നടത്താൻ ചില കോളേജുകളും അധ്യാപക സംഘടനയും നടത്തിയ പരിശീലന ക്ലാസുകൾ മാത്രമാണ് ലഭിച്ചത്. സർവ്വകലാശാല ഓൺ ലൈൻ ക്ലാസുകൾ സംബന്ധിച്ച് അധ്യാപകർക്ക് എന്തെങ്കിലും പരിശിലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?.

**ഉത്തരം** - Dr. Prasadan P.K : നിലവിൽ കോളേജ് അധ്യാപകർക്ക് പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സർവ്വകലാശാല പഠന വകുപ്പുകളിലെ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്.

3.09 പരിശീലനത്തിന്റെ ചെലവ് വഹിക്കാൻ കോളേജുകൾ തയ്യാറാണെങ്കിൽ കോളേജ് അദ്ധ്യാപകർക്ക് കൂടി പരിശീലന പരിപാടി ആവിഷ്കരിക്കാൻ സർവ്വകലാശാല തയ്യാറാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ കൂട്ടിച്ചേർത്തു.

Q.No. 7

Dr. M.P. SHANOJ

കണ്ണൂർ സർവ്വകലാശാല ബിരുദാനന്തര ബിരുദ സിലബസിന്റെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ട്?. നിലവിൽ സർവ്വകലാശാല അതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടിക്രമങ്ങൾ ആലോചിച്ചിട്ടുണ്ടോ?. ഏത് അദ്ധ്യയന വർഷം മുതലാണ്. പുതിയ പി.ജി. സിലബസ് നിലവിൽ വരിക?.

**ഉത്തരം** - Sri. PramodKumar K.V : സർവ്വകലാശാല പഠന വകുപ്പുകളിൽ 2020-21 അദ്ധ്യയന വർഷം മുതൽ പുതുക്കിയ സിലബസ് നടപ്പിലാക്കിയിട്ടുണ്ട്.

അഫിലിയേറ്റഡ് കോളേജുകളിലെ സിലബസ് പരിഷ്കരണത്തിന്റെ ഭാഗമായി, വിഷയം തിരിച്ചു വർക്ക്ഷോപ്പുകൾ നടത്തുന്ന വേളയിൽ കോവിഡ് വ്യാപന മുണ്ടാവുകയും, തുടർ നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കുകയും ചെയ്തു. ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടിപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. കോളേജുകളിൽ പുതിക്കിയ പി. ജി. സിലബസ് അദ്ധ്യയന വർഷം 2021- ൽ നടപ്പാക്കാൻ ഉദ്ദേശമുണ്ട്.

Q.No. 8

Sri. K.V. UNNIKRISHNAN

കണ്ണൂർ സർവ്വകലാശാല തന്റെ കീഴിലുള്ള ഓരോ സ്വാശ്രയ കോളേജിലും പുതുതായി അനുവദിച്ച കോഴ്സുകൾ കണ്ണൂർ ജില്ലയിൽ രണ്ട് വീതം ആണെന്നി രിക്കെ കേരളത്തിലെ ഏറ്റവും പിന്നാക്ക ജില്ലകളിലൊന്നായ, ഉന്നത വിദ്യാഭ്യാസ കാര്യത്തിൽ അതിലും പിന്നാക്കമുള്ള കാസർഗോഡ് ജില്ലയിൽ ഓരോ കോഴ്സ് വീതം മാത്രം അനുവദിച്ച സർക്കാർ ഉത്തരവിനു കാരണം സർവ്വകലാശാലയുടെ ശുപാർശ ആണെന്നിരിക്കെ ഈ വർഷത്തെ പോരായ്മ കൂടി പരിഗണിച്ച് അടുത്ത വർഷം കാസർഗോഡ് ജില്ലയിൽ കൂടുതൽ കോഴ്സുകൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?.

**ഉത്തരം** - Dr. T.P. Ashraf : 2019-20 അധ്യയന വർഷത്തേക്ക് പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള വിജ്ഞാപനം അനുവദിച്ച് ലഭിച്ച അപേക്ഷ യിന്മേലാണ് 2020-21 അധ്യയന വർഷത്തിൽ സർക്കാർ പുതിയ കോഴസുകൾ അനുവദിച്ചത്. കാസർഗോഡ് ജില്ലയിലെ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച കമ്മീഷൻ ഒരു കോഴ്സ് വീതമാണ് ശുപാർശ ചെയ്തിരുന്നത്. തുടർന്ന് 2020-21 അധ്യയന വർഷത്തേക്ക് സർവ്വകലാശാല പുതിയ കോഴ്സുകൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കാസർഗോഡ് ജില്ലയിൽ നിന്നും 10 സ്വാശ്രയകോളേജുകളുടെ 17 കോഴ്സുകൾക്കായുള്ള അപേക്ഷകൾ സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. (vide letter dated 06.10.2020) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സർക്കാരാണ്.

Q.No. 9

Dr. SURESH KUMAR K.S

യൂണിവേഴ്സിറ്റിക്ക് കീഴിൽ എയ്ഡഡ് കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന ഗസ്റ്റ് അധ്യാപകർക്ക് കോളേജുകൾ നൽകുന്ന പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ സ്ഥിരാധ്യാപക നിയമനത്തിന് പരിഗണിക്കുന്നില്ല. അവർക്ക് യൂണിവേഴ്സിറ്റി തലത്തിൽ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കുമോ?.

**ഉത്തരം** - Sri. Pramod Kumar K.V : എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത് അതത് കോളേജുകളാണ്. ഇതിൽ സർവ്വകലാശാലക്കുപങ്കില്ല. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതും കോളേജുകൾ തന്നെയാണ്.

3.10 എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകുന്ന പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ സ്ഥിരം അദ്ധ്യാപക നിയമനത്തിനു പരിഗണിക്കുമോ എന്ന ഡോ. ആർ.കെ ബിജുവിന്റെ ഉപചോദ്യത്തിനുത്തരമായി പ്രസ്തുത കാര്യം ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി സഭയെ അറിയിച്ചു. പ്രസ്തുത കാര്യം പരിശോധിച്ച് എത്രയും പെട്ടന്ന് തീരുമാനമെടുക്കാമെന്ന് വൈസ് ചാൻസിലറും അറിയിച്ചു.

Q.No. 10

Sri. K.V. UNNIKRISHNAN

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ അക്കാദമികവും പരീക്ഷാ സംബന്ധിയുമായ വിവരങ്ങൾ രേഖാമൂലം അറിയിക്കണമെന്ന നിയമമുണ്ടെന്നിരിക്കെ പത്രക്കുറിപ്പിലൂടേയോ വെബ്സൈറ്റ് മുഖേന മാത്രമോ വിവരം അറിയിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ?. ഉണ്ടെങ്കിൽ സർവ്വകലാശാല എപ്പോൾ, ഏത് നിയമമനുസരിച്ചാണ് ഇങ്ങനെയൊരു മാറ്റം നടപ്പിലാക്കിയിട്ടുള്ളത്?.

**ഉത്തരം** - Sri. M.C. Raju : നിലവിലെ സർവ്വകലാശാല നിയമപ്രകാരം പരീക്ഷാ സംബന്ധമായ വിവരങ്ങൾ നോട്ടിഫൈ ചെയ്ത് വെബ്സൈറ്റ് മുഖാന്തരം അറിയിക്കാറുണ്ട്. നോട്ടിഫൈ ചെയ്ത കാര്യങ്ങളും അതാതു സമയത്തു വരുന്ന മാറ്റങ്ങളും പത്രക്കുറിപ്പ് മുഖേനയും അറിയിക്കാറുണ്ട്.

അക്കാഡമിക് 'ഡി' വിഭാഗവുമായി ബന്ധപ്പെട്ട സേവനങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ പത്രകുറിപ്പിലൂടെയും വെബ്സൈറ്റിലൂടെയും മാത്രമല്ല ഇ-മെയിൽ മുഖേനയും ബന്ധപ്പെട്ടവരെ അറിയിക്കാറുണ്ട്. ഇ-മെയിൽ വിലാസം ലഭ്യമാവാത്ത സാഹചര്യത്തിൽ തപാൽ മുഖേനയും ടെലിഫോൺ മുഖേനയും അറിയിപ്പ് നൽകാറുണ്ട്.

3.11 2019 ഫെബ്രുവരിയിൽ നോട്ടിഫിക്കേഷൻ ഇറക്കിയ രണ്ടാം സെമസ്റ്റർ പരീക്ഷയുമായി ബന്ധപ്പെട്ട എ.പി.സി 2019 മാർച്ച് 25 നുള്ളിൽ അപ്ലോഡ്

ചെയ്യണമെന്ന വിവരം കോളേജുകളെ പത്രദ്വാരായോ, രേഖാമൂലമോ അറിയിച്ചിട്ടില്ലെങ്കിൽ അവരിൽ നിന്നും ഈടാക്കിയ ഫൈൻ തിരിച്ചു നൽകുമോ എന്ന് ഡോ. ആർ.കെ. ബിജു ഉന്നയിച്ച ഉപചോദ്യത്തിനുത്തരമായി അത്തരം സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാമെന്ന് ഡോ. കെ.ടി. ചന്ദ്രമോഹനൻ സഭയെ അറിയിച്ചു. പ്രസ്തുത കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കാമെന്ന് ചെയറും അറിയിച്ചു.

3.12 സർവ്വകലാശാലയുമായി ബന്ധപ്പെട്ട പല അറിവുകളും ലഭിക്കാറില്ലെന്ന് ശ്രീ. കെ.വി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. പരിശോധിച്ച് നടപടികൾ സ്വീകരിക്കാമെന്ന് ചെയർ അറിയിച്ചു.

Q.No. 11

Smt. SISIRA T.K

കോവിഡ് സാഹചര്യമായതിനാൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് വിദ്യാർത്ഥികൾക്കാവശ്യ മായ സേവനങ്ങൾ ലഭിക്കുന്നതിൽ വലിയ പോരായ്മ സംഭവിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾ ക്കായി സർവ്വകലാശാലയിലേക്ക് വരുന്ന വിദ്യാർത്ഥികളെ സർവ്വകലാശാല ആസ്ഥാനത്തിൽ പ്രവേശിപ്പിക്കുന്ന നിലയില്ല. ഫോണിൽ ബന്ധപ്പെടുന്ന സമയങ്ങളിൽ ഫോൺ എടുക്കാത്ത നിലയുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ വലിയ പ്രതിസന്ധിയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. കോവിഡ് സാഹചര്യം നീണ്ടുപോകുന്നതിനാൽ വിദ്യാർത്ഥി കൾക്ക് സേവനങ്ങൾ ലഭ്യമാക്കാൻ സർവ്വകലാശാല ഭാവിയിൽ പ്രവർത്തിക്കു ന്നത് സംബന്ധിച്ച് ഏതെ ങ്കിലും രീതിയിലുള്ള മാർഗരേഖകൾ തയ്യാറാക്കി യിട്ടുണ്ടോ?. വിദ്യാർത്ഥികളുടെ സേവനങ്ങൾ കൃത്യമായി ലഭ്യമാക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത്?.

**ഉത്തരം** - Smt. N. Sukanya : സർവ്വകലാശാലയിലേക്ക് വിവിധ ആവശ്യങ്ങൾക്കായി വരുന്ന മുഴുവൻ വിദ്യാർത്ഥികളെയും പ്രവേശിപ്പിക്കാൻ കോവിഡ് സാഹചര്യത്തിൽ സാധിക്കാത്തതിനാൽ, ബന്ധപ്പെട്ട സെക്ഷനിൽ അന്വേഷിച്ച് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖേനയും ഇ-മെയിൽ മുഖേന യും വിദ്യാർത്ഥികളെ അറിയിക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സെക്ഷനുകളിലെ ഫോൺ നമ്പറുകളും ഇ-മെയിൽ വിലാസവും വിദ്യാർത്ഥികൾക്ക് നൽകുന്നു മുണ്ട്. കൂടാതെ ഫോൺ നമ്പർ സഹിതമുള്ള അപേക്ഷകൾക്ക് ഫോൺ മുഖേന ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

എൻക്വയറി വിഭാഗത്തിലേക്കു വരുന്ന കോളുകൾ സ്വീകരിക്കുകയും രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടുതൽ കോളുകൾ ഒരേസമയം വരുമ്പോൾ ഫോൺ കണക്ഷൻ ലഭിക്കാതെ വരികയും ഇത് പരാതിക്കിടയാക്കുകയും ചെയ്യുന്നു.

കൂടുതൽ സേവനങ്ങൾ കൃത്യതയോടെ ലഭ്യമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കിക്കൊണ്ടും ചെയ്യുന്നതാണ്.

Q.No. 12

Sri. SHANAVAS S.M

സയൻസ് വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകൾ, ഫീൽഡ് വർക്കുകൾ അത് പോലെ അടുത്ത സെമസ്റ്ററുകളിലെ പ്രോജക്ട് വർക്കുകൾ എന്നിവ സംബന്ധിച്ചു വല്ല തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ടോ?. ഇതുമായി ബന്ധപ്പെട്ടു യൂണിവേഴ്സിറ്റി പുറപ്പെടുവിച്ചിട്ടുള്ള guide lines എന്തൊക്കെയാണ്?. B.Sc Forestry വിഷയത്തിൽ ഫീൽഡ്വർക്ക് മാത്രമായി നടത്താവുന്ന പേപ്പറുകൾ പൂർത്തീകരിക്കേണ്ടതിനെ കുറിച്ചോ internal mark നൽകേണ്ടതിനെ കുറിച്ചോ ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇതുവരെയായി യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും നൽകിയിട്ടുണ്ടോ?.

**ഉത്തരം** - Dr. P.P. Jayakumar: ഇല്ല. നിലവിൽ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ഗൈഡ്ലൈൻസ് പുറപ്പെടുവിച്ചിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല. 10/12/2020 ന് ചേരുന്ന എക്പേർട്സ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

3.13 10.12.2020 ന് ചേർന്ന എക്സ്പേർട്ട് കമ്മിറ്റി പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും വേണ്ട നടപടികൾ സ്വീകരിക്കാൻ അതാത് ബോർഡ് ഓഫ് സ്റ്റഡീസിന് നിർദ്ദേശം നല്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പി.പി. ജയകുമാർ അറിയിച്ചു.

Q.No. 13

Smt. SONA P

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാനായി കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ഗ്രാന്റുകൾ മെറിറ്റ് അടിസ്ഥാനത്തിലാണ് ഇപ്പോൾ ലഭിക്കുന്നത്. ചെറിയ മാർക്ക് വ്യത്യാസം കാരണം മെറിറ്റിൽ സീറ്റ് ലഭ്യമാവാതെ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഈ ഗ്രാന്റുകൾ ലഭ്യമല്ല. ഈ വിഷയം സർവ്വകലാശാല സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ?

**ഉത്തരം** - Dr. Rakhi Raghavan : കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന എല്ലാ എയ്ഡഡ് കോഴ്സുകളിലും സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും, സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ് കോളേജുകളിലും നടത്തപ്പെടുന്ന എല്ലാ എയ്ഡഡ് കോഴ്സുകളിലും പഠിക്കുന്ന SEBC വിദ്യാർത്ഥികൾക്കും, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും

നിലവിലുള്ള വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ KPCR ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

സർവ്വകലാശാലയുടെ പഠന വകുപ്പുകൾ, സെന്ററുകൾ എന്നിവിടങ്ങളിലെ അർഹതയുള്ള വിദ്യാർത്ഥികൾക്ക് മാത്രം, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് (KPCR) പ്രകാരമുള്ള ഫീസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചു വരുന്നത്. ബന്ധപ്പെട്ട പഠന വകുപ്പ്/ സെന്റർ തലത്തിലാണ് ഇതിന് വേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുന്നത്.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് KPCR ഗ്രാന്റുകൾ ലഭ്യമാകാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിലേക്ക് സർവ്വകലാശാല കത്തിടപാടുകൾ നടത്തിയിട്ടില്ല.

3.14 ഉന്നത വിജയം നേടുകയും മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുകയും ചെയ്ത പാവപ്പെട്ട കുട്ടികൾക്ക് അർഹിക്കുന്ന ഫീസ് ആനുകൂല്യങ്ങൾ നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ശ്രീ. സതീശൻ പി.കെ എന്നിവർ അഭിപ്രായപ്പെട്ടു. പ്രസ്തുത കാര്യം സർക്കാരിലേക്ക് അറിയിക്കാമെന്ന് ചെയർ പറഞ്ഞു.

Q.No. 14

Smt. LATHA E.S

The Covid 19 has upset the academic activities all over. In view of this pandemic, has the University brought out an examination calendar for the current academic year.

**ഉത്തരം** - In view of the Covid-19 pandemic, Examination Calendar for the year 2020-21 has not yet been officially finalised and published. The preparation of examination calendar in line with the latest UGC guidelines for the session 2020-21 is in progress.

Q.No. 15

Smt. SISIRA T.K

കേരള സർക്കാർ ആരംഭിച്ച ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നില്ല. വിദൂര വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾ വലിയ ആശങ്കയിലാണ്. വിദൂര വിദ്യാഭ്യാസ മേഖലയിലെ തുടർ പ്രവർത്തനം, പ്രൈവറ്റ് രജിസ്ട്രേഷൻ ഇവയുമായി ബന്ധപ്പെട്ട് സർവ്വകലാശാല എന്തെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?. നടപടികൾ ഏതുവരെയായി?.

**ഉത്തരം** – 10.03.2020 ലെ സിണ്ടിക്കേറ്റ് നടപടിക്കുറിപ്പ് ഇനം നമ്പർ 2020.157 പ്രകാരം റഗുലർ വിദ്യാർത്ഥികളുടെ അതെ സിലബസ്സിൽ തന്നെ ഓർഡിനൻസ്/ സ്റ്റാറ്റ്യൂട്ട് എന്നിവ ഭേദഗതി വരുത്തി UG/PG പ്രൈവറ്റ് രജിസ്ട്രഷൻ ആരംഭിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതു പ്രകാരം 03.06.2020 – ൽ SDEI/SO SDE I/415/2020 അനൗദ്യോഗിക കുറിപ്പ് പ്രകാരം അക്കാദമിക വിഭാഗത്തിനും, പരീക്ഷ വിഭാഗത്തിനും നോട്ട് നൽകിയിരുന്നു. ഇതിനുള്ള മറുപടിയായി അക്കാദമിക വിഭാഗം വിദൂര വിദ്യാഭ്യാസ വിഭാഗത്തോട് തന്നെ ഓർഡിനൻസ് / സ്റ്റാറ്റ്യൂട്ട് എന്നിവ ഭേദഗതി വരുത്താനുള്ള നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടു. ഇതുപ്രകാരം 17.08.2020 ൽ എക്സ്പ്പേർട്ട് കമ്മിറ്റി കൂടുകയും പ്രസ്തുത മീറ്റിംഗ് തീരുമാന പ്രകാരം പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കാനും ഇതിനുവേണ്ട റെഗുലേഷൻസ് നിർമ്മിക്കാൻ വിദൂര വിദ്യാഭ്യാസ വിഭാഗത്തോട് ആവശ്യപ്പെടുകയും ചെയ്തു. 07.09.2020 ൽ റെഗുലേഷൻ നിർമ്മിക്കുന്നതിനായി മീറ്റിംഗ് നടത്തുകയുണ്ടായി. ഇതു പ്രകാരം റെഗുലേഷൻ കരട് അക്കാദമിക വിഭാഗത്തിന് കൈമാറാൻ തീരുമാനിച്ചു. അക്കാദമിക വിഭാഗം ആവശ്യമായ കൂട്ടി ചേർക്കലുകളോടെ റെഗുലേഷന് അന്തിമ രൂപം നൽകണമെന്ന് യോഗം തീരുമാനിക്കുകയുണ്ടായി. കൂടാതെ ഒക്ടോബർ 2 – ന് നിലവിൽ വരുന്ന ഓപ്പൺ സർവ്വകലാശാലയെ കുറിച്ചുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാകുന്നത് വരെ പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നത് മാറ്റിവയ്ക്കാൻ തീരുമാനിക്കുക യുണ്ടായി. തുടർന്ന് 17.11.2020 ൽ ചേർന്ന കണ്ണൂർ സർവ്വകലാശാല സിണ്ടിക്കേറ്റ് നടപടികുറിപ്പ് ഇനം നമ്പർ 2020.471 പ്രകാരം ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിടെ പ്രവർത്തനം ഈ വർഷം ആരംഭിക്കാത്തതിനാലും വിദൂര വിദ്യാഭ്യാസം ആരംഭിക്കാൻ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് സാധിക്കാത്തതിനാലും പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കാൻ തീരുമാനിച്ചു.

Q.No. 16

Dr. R.K. BIJU

2017-18 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയ്ക്ക് UGC 12-ാം പദ്ധതി പ്രകാരവും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ടും ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റന്റ് ഗ്രാന്റായി എത്ര തുക ലഭിച്ചിട്ടുണ്ട്?. അതിൽ എത്ര രൂപയാണ് സർവ്വകലാശാല വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയിട്ടുള്ളത്?. ഇങ്ങനെ നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇതിനുള്ള ഉത്തരവാദികൾ ആരൊക്കെയാണ്?.

**ഉത്തരം** – 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) നൽകുന്ന ധനസഹായം വകയിൽ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കേണ്ട കാലാവധി അവസാനിച്ചിട്ടില്ലാത്തതിനാൽ നിലവിലെ സ്ഥിതി അനുസരിച്ച് വികസന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. UGC യിൽ നിന്നും 12-ാം പദ്ധതി പ്രകാരം 2017-18 വർഷം മുതൽ ജനറൽ ഡവലപ്പ്മെന്റ് ഗ്രാന്റായി തുകയൊന്നും ലഭിച്ചിട്ടില്ല.

മേൽ സൂചന പ്രകാരം പരാമർശിച്ച കാലയളവിൽ സർവ്വകലാശാലയ്ക്ക് സംസ്ഥാന സർക്കാരിൽ നിന്നും ജനറൽ ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് ഗ്രാന്റായി തുകയൊന്നും അനുവദിക്കപ്പെട്ടിട്ടില്ല എന്ന് അറിയിക്കുന്നു.

Q.No. 17

Sri. SAJU P.J

കണ്ണൂർ സർവ്വകലാശാലയുടെ NAAC SCORE വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ തയ്യാറെടുപ്പുകളാണ് സർവ്വകലാശാലയിൽ നടത്തുന്നത്?.

**ഉത്തരം** –

1. AQAR I(2016-17), AQAR II(2017-18), AQAR III(2018-19) എന്നിവ NAAC ൽ സമർപ്പിച്ചിട്ടുണ്ട്.
2. AQAR IV(2019-20) ഡിസംബർ 31 ന് മുൻപ് NAAC ൽ സമർപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.
3. Prof. A. Sabu, Department of Bitechnology & Microbiology, IQAC യുടെ പുതിയ ഡയറക്ടറായി 14.09.2020 ന് ചുമതലയേറ്റു.
4. AQAR തയ്യാറാക്കുന്നതിനുള്ള 7 മാനദണ്ഡങ്ങളുമായി (Criteria) ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 7 സബ്കമ്മിറ്റികൾ രൂപീകരിച്ചു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു.
5. മറ്റ് പ്രവർത്തനങ്ങൾക്കായി വേറെ 3 സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

IQAC യും മേൽ പറഞ്ഞ കമ്മിറ്റികളും നിരന്തരം യോഗം ചെർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു.

Q.No. 18

Dr. R.K. BIJU

കണ്ണൂർ സർവ്വകലാശാല 2017 ജനുവരി 1 മുതൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൺസൽട്ടൻസി ഇനത്തിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്?. ഓരോ ഏജൻസിക്കും നൽകിയിരിക്കുന്ന തുക എത്രയാണ്?.

**ഉത്തരം** – കിഫ്ബി ധനസഹായത്തിന് കീഴിൽ കണ്ണൂർ സർവ്വകലാശാലയെ 'സെന്റർ ഓഫ് എക്സലെന്റ് ഇൻ അക്കാദമിക്സ് ആൻഡ് റിസർച്ച്' ആയി ഉയർത്തുന്നതിന്റെ ഭാഗമായി 2017 ജനുവരി 1 ന് ശേഷം കൺസൽട്ടൻസി ഫീസിനത്തിൽ എം കുമാർ ആർക്കിടെക്സിന് 77,625/- രൂപയും കിറ്റ്കോ ലിമിറ്റഡിനു 29,50,000/- രൂപയും വിവിധ ക്യാംപസുകളിലെ നിർമ്മാണ പ്രവർത്തികൾക്കായി കൺസൾട്ടൻസിയുടെ ഭാഗമായി HLL Infra Tech Services Ltd, നു 8,68,704/- രൂപയും നൽകിയിട്ടുണ്ട്. (ആകെ 38,96,329/- രൂപ).

Q.No. 19

<u>Dr. ISMAIL OLAYIKKARA</u>

2016 – ൽ കഴിഞ്ഞ സിൻഡിക്കേറ്റ് നിലവിൽ വന്ന ശേഷം ആകെ എത്ര ഗവേഷണ പ്രബന്ധങ്ങൾ മൂല്യനിർണയം നടത്തി ഓപ്പൺ ഡിഫൻസ് നടന്നിട്ടുണ്ട്?. ഇനി മൂല്യനിർണയം നടത്താതെ കെട്ടിക്കിടക്കുന്ന എത്ര ഗവേഷണ പ്രബന്ധങ്ങളുണ്ട്?

**<u>ഉത്തരം</u>** – 2016 മുതൽ 337 പ്രബന്ധങ്ങൾ മൂല്യനിർണ്ണയം നടത്തി ഓപ്പൺ ഡിഫെൻസ് നടന്നിട്ടുണ്ട്. ഇനി ഗവേഷണ മൂല്യ നിർണ്ണയം നടത്താൻ 34 വിദ്യാർത്ഥികളുടെ പ്രബന്ധങ്ങൾ ബാക്കിയുണ്ട്. ഇതിൽ 24 എണ്ണം ലോക്ക്ഡൗണിനു ശേഷം സമർപ്പിക്കപ്പെട്ടവയാണ്. സമ്മതപത്രം ലഭിക്കുന്നതിനനുസരിച്ച് ബാക്കിയുള്ളവ മൂല്യനിർണ്ണയത്തിനു അയച്ചുകൊണ്ടിരിക്കുന്നുണ്ട്.

Q.No. 20

<u>Dr. M.P. SHANOJ</u>

സ്വാശ്രയ കോളേജുകളിൽ സർക്കാർ – സർവ്വകലാശാല നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ടോ?. കോവിഡ് കാലയളവിൽ സ്വാശ്രയ കോളേജ് അധ്യാപക – അനധ്യാപക ജീവനക്കാർക്ക് കൃത്യമായി ശമ്പളമോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല എന്ന് അറിയുന്നു. സർവ്വകലാശാല ഈ വിഷയത്തിൽ അന്വേഷണം നടത്തുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?.

**<u>ഉത്തരം</u>** – സ്വാശ്രയ കോളേജുകളിൽ സർക്കാർ നിർദ്ദേശാനു സരണം ക്ലാസുകൾ നടത്താൻ സർവ്വകലാശാല സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവിഡ് കാലയളവിൽ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് ഗവൺമെന്റിന്റെയും ലേബർ കമ്മീഷന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി ശമ്പളം വിതരണം ചെയ്യണമെന്നും, ആയതിന്റെ Compliance report സർവ്വകലാശാലയിൽ സമർപ്പിക്കണമെന്നും ആവശ്യപ്പെട്ട് 16/5/2020 ന് സർവ്വകലാശാല സർക്കുലർ ഇറക്കിയിട്ടുണ്ട് (Acad A1/3308/Misc/2014). കൂടാതെ ഗവൺമെന്റ് ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവ് എല്ലാ സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാർക്കും 30/06/2020 ന് അയച്ചുകൊടുത്തിട്ടുണ്ട്. പല കോളേജുകളും ഇത് സംബന്ധിച്ച് Compliance report സമർപ്പിക്കാത്തതിനാൽ 30/06/2020 ന് സർവ്വകലാശാല Compliance report ആവശ്യപ്പെട്ട് reminder അയച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുകയും എഗ്രിമെന്റ് വൈലേഷൻ ഉണ്ടെങ്കിൽ അത്തരം കോളേജുകൾക്ക് റിമൈന്റർ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

Q.No. 21

Sri. VIJAYAKUMAR V

സർവ്വകലാശാലയിൽ ഡിഗ്രി/പി.ജി/പിഎച്ച്.ഡി തുടങ്ങിയ കോഴ്സുകളുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന് ശേഷം വേണ്ടി വരുന്ന പരമാവധി സമയ പരിധി എത്ര?. ഈ സമയ പരിധി കുറയ്ക്കുന്നതിന് വേണ്ടി സർവ്വകലാശാല എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?. പിഎച്ച്.ഡി യുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകി വരുന്നത് ഏത് കാലയളവിൽ അപേക്ഷിച്ചവർക്കാണ്?.

**ഉത്തരം** – സർവ്കലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ നിശ്ചയിച്ചിട്ടില്ല. ലഭിച്ച അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിച്ച് ഡിഗ്രി സർട്ടിഫിക്കറ്റുകൾ (ഡിഗ്രി/ പിജി) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സർവ്വകലാശാലയിൽ പി.എച്ച്.ഡി. ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് പരമാവധി 10 മാസം വേണ്ടിവരുന്നുണ്ട്. കാലദൈർഘ്യം കുറച്ചു കൊണ്ടുവരുന്നതിന് സെക്ഷനിൽ ലഭ്യമായ സൗകര്യം ഉപയോഗിച്ച് പരമാവധി ശ്രമിക്കുന്നുണ്ട്. 2020 ജനുവരി 21 വരെ അപേക്ഷിച്ചവരുടെ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

Q.No. 22

Sri. SAJU P.J

കണ്ണൂർ സർവ്വകലാശാല നിലവിൽ വന്ന ശേഷം സർക്കാർ നേരിട്ട് (ഓപ്ഷൻ ഒഴികെ) അധ്യാപക/അനധ്യാപക വിഭാഗങ്ങളിലായി എത്ര തസ്തികകൾ ഏതെല്ലാം കാലയളവിൽ അനുവദിച്ചിട്ടുണ്ട്?. പുതിയ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?. എന്ത് തുടർ നടപടിയാണിതിൽ സ്വീകരിച്ചത്?.

**ഉത്തരം** – കണ്ണൂർ സർവ്വകലാശാല നിലവിൽ വന്ന ശേഷം സർക്കാർ നേരിട്ട് (ഓപ്ഷൻ ഒഴികെ) അനധ്യാപക വിഭാഗങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | തസ്തിക | ആകെ തസ്തികകളുടെ എണ്ണം | തസ്തിക അനുവദിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ | 4 | 1. 34686/B2/2003/H.Edn dated 27.04.2005 (1 post)<br>2. 2314/B2/2007/H.Edn dated 26.05.2008 (1 post)<br>3. G.O(Ms)No.50/2018/H.Edn dated 16.022018 (2 posts) |
| 2 | ഡപ്യൂട്ടി രജിസ്ട്രാർ | 5 | 1. 2931/B2/2003/HEdn, Dated 17.09.2003 (*1 Post) |

| | | | |
|---|---|---|---|
| | | | 2. 2314/B2/2007/H.Edn Dated 26.05.2008 (2 Posts)<br>3. G.O(Ms)No.50/2018/H.Edn dated 16.02.2018 (2 Posts) |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ | 9 | 1. 2314/B2/2007/H.Edn Dated 26.05.2008 (3 Posts)<br>2. G.O Ms. 584/2015/H.Edn (B) Dated 15.09.2015 (2 Posts)<br>3. G.O(Ms)No.50/2018/H.Edn dated 16.02.2018 (4 Posts) |
| 4 | സെക്ഷൻ ഓഫീസർ | 39 | 1. Posts created by the Vice Chancellor without formal concurrence of the Government in 2004 (4 Posts)<br>2. 34686/B2/2003/H.Edn dated 27.04.2005 (3 post)<br>3. 2931/B2/2003/H.Edn dated 17.09.2003 (*2 Posts)<br>4. 2314/B2/2007/H.Edn Dated 26.05.2008 (15 Posts)<br>* Posts are designated as Research Cum Statistical Officer & Administrative Assistant in the UGC Special Cell for SC/ST.<br>5. G.O (Ms). 584/2015/H.Edn (B) Dated 15.09.2015 (4 Posts)<br>6. G.O(Ms)No.50/2018/H.Edn dated 16.02.2018 (10 Posts)<br>7. Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 1 Post) |
| 5 | അസിസ്റ്റന്റ് | 132 | 1. 34686/B2/2003/H.Edn dated 27.04.2005 (10 post)<br>2. 17220/B2/2005/H.Edn dated 21.01.2006 (13 Posts)<br>3. 2314/B2/2007/H.Edn Dated 26.05.2008 (45 Posts)<br>4. . G.O Ms. 584/2015/H.Edn (B) Dated 15.09.2015 (12 Posts)<br>5. G.O(Ms)No.50/2018/H.Edn dated 16.02.2018 (50 Posts)<br>7. Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 2 Posts) |
| 6 | സെക്ഷൻ ഓഫീസർ (FC&D) | 2 | 1.34686/B2/2003/H.Edn dated 27.04.2005 (1 post)<br>2. G.O(Ms)No.50/2018/H.Edn dated 16.02.2018 (1 Post) |

| | | | |
|---|---|---|---|
| 7 | ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ | 4 | 1. 2931/B2/2003/H.Edn dated 17.09.2003 (1 Post)<br>2. 2314/B2/2007/H.Edn Dated 26.05.2008 (1 Post)<br>3. G.O(Ms)No.50/2018/H.Edn dated 16.02.2018 (2 Post) |
| 8 | യൂണിവേഴ്സിറ്റി ലൈബ്രേറിയൻ | | G.O(MS) No. 3/2003/H.Edn dated 02.01.2003 |
| 9 | ഡെപ്യൂട്ടി ലൈബ്രേറിയൻ | 1 | 14988/B2/99/H.Edn dated 17.11.2000 |
| 10 | അസിസ്റ്റന്റ് ലൈബ്രേറിയൻ | 3 | 1. 14988/B2/99/H.Edn dated 17.11.2000 (1 Post)<br>2. 2314/B2/2007/H.Edn Dated 26.05.2008 (2 Posts) |
| 11 | പ്രൊഫഷണൽ അസിസ്റ്റന്റ് | 13 | 1.34686/B2/2003/H.Edn dated 27.04.2005 (2 post)<br>2.17220/B2/2005/H.Edn dated 21.01.2006 (4 Posts)<br>3. 2314/B2/2007/H.Edn Dated 26.05.2008 (6 Posts)<br>4. Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 1 Post) |
| 12 | ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ | 1 | G.O (MS) No. 3/2003/H.Edn dated 02.01.2003 |
| 13 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ | 1 | G.O (MS) No. 3/2003/H.Edn dated 02.01.2003 |
| 14 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ | 1 | 14988/B2/99/H.Edn dated 17.11.2000 |
| 15 | പബ്ലിക് റിലേഷൻസ് ഓഫീസർ | 1 | 14988/B2/99/H.Edn dated 17.11.2000 |
| 16 | സെക്യൂരിറ്റി ഓഫീസർ | 1 | 14988/B2/99/H.Edn dated 17.11.2000 |
| 17 | ഡവലപ്പ്മെന്റ് ഓഫീസർ | 1 | 4712/B1/96/H.Edn dated nil |
| 18 | കമ്പ്യൂട്ടർ പ്രോഗ്രാമർ | 1 | G.O (MS) No. 3/2003/H.Edn dated 02.01.2003 |
| 19 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 7 | 1. 4712/B1/96/H.Edn dated nil (1 Post)<br>2. 14988/B2/99/H.Edn dated 17.11.2000 (2 Posts) |

| | | | |
|---|---|---|---|
| | | | 3. G.O (MS) No. 3/2003/H.Edn dated 02.01.2003 (4 Posts) |
| 20 | ഡാറ്റ എൻട്രി അസിസ്റ്റന്റ് | 1 | Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 1 Post) |
| 21 | ലൈബ്രറി അസിസ്റ്റന്റ് | 3 | 1. G.O (MS) No. 3/2003/H.Edn dated 02.01.2003 (1 Post)<br>2.34686/B2/2003/H.Edn dated 27.04.2005 (1 post)<br>3. 2314/B2/2007/H.Edn Dated 26.05.2008 (1 Post) |
| 22 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 | Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 1 Post) |
| 23 | റോണിയോ ഓപ്പറേറ്റർ | 1 | 4712/B1/96/H.Edn dated nil. |
| 24 | ക്ലറിക്കൽ അസിസ്റ്റന്റ് | 5 | G.O(Ms)No.50/2018/H.Edn dated 16.02.2018 (5 Posts) |
| 25 | പ്യൂൺ | 21 | 1.34686/B2/2003/H.Edn dated 27.04.2005 (5 posts)<br>2. 2931/B2/2003/H.Edn dated 17.09.2003 (1 Post)<br>3. 2314/B2/2007/H.Edn Dated 26.05.2008 (8 Posts)<br>4. G.O(Ms)No.50/2018/H.Edn dated 16.02.2018 (5 Posts)<br>5. Letter No. B2/168/2018/HEDN Dated 02.08.2019 (concurrence for 2 Posts) |
| 26 | ടെലിഫോൺ ഓപ്പറേറ്റർ | 1 | G.O(Ms)No.50/2018/H.Edn dated 16.02.2018 (1 Post) |
| 27 | ഡ്രൈവർ | 7 | 1. 4712/B1/96/H.Edn dated nil (3 Posts)<br>2. G.O (MS) NO. 86/98/H.Edn dated 22.07.1998 (1 Post)<br>3. G.O(Ms) No.50/2018/H.Edn dated 16.02.2018 (3 Posts) |
| 28 | വാച്ച്മാൻ | 2 | 4712/B1/96/H.Edn dated nil (2 Posts) |
| 29 | സെക്യൂരിറ്റി ഗാർഡ് | 7 | 1. 4712/B1/96/H.Edn dated nil (2 Posts)<br>2. G.O(Ms)No.50/2018/H.Edn dated 16.02.2018 (5 Posts) |
| 30 | സ്വീപ്പർ | 3 | 1. 4712/B1/96/H.Edn dated nil (2 Posts)<br>2. G.O (MS) NO. 86/98/H.Edn dated 22.07.1998 (1 Post) |
| 31 | പാർട്ട് ടൈം സ്വീപ്പർ | 10 | G.O(Ms)No.50/2018/H.Edn dated 16.02.2018 (10 Posts) |
| 32 | ഇലക്ട്രീഷ്യൻ | 1 | 2314/B2/2007/H.Edn Dated 26.05.2008. |
| 33 | ഓവർസീയർ | 1 | 2314/B2/2007/H.Edn Dated 26.05.2008. |

| | | | |
|---|---|---|---|
| | ഗ്രേഡ് I (ഇലക്ടിക്കൽ | | |

കണ്ണൂർ സർവ്വകലാശാലയിൽ 20 അനധ്യാപക തസ്തികകളിലായി 80 തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അയച്ച കത്തിന് മറുപട് ലഭ്യമായിട്ടില്ല എന്ന വിവരം അറിയിക്കുന്നു.
കണ്ണൂർ സർവ്വകലാശാല നിലവിൽ വന്ന ശേഷം സൃഷ്ടിക്കപ്പെട്ട (ഓപ്ഷൻ ഒഴികെ) അദ്ധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| SI. No. | Post Sanctioned No. & date | No. of Post | Name of Post | Period |
|---|---|---|---|---|
| 1 | G.O(MS) 74/2002/H.Edn. dated 02.07.2002 | 11 | Reader – 8<br>Lecturer – 3 | - |
| 2 | 208/B2/2003/H.Edn. dated 29.09.2003 | 2 | Lecturer – 2 | - |
| 3 | UGC letter no. F2.5/2002 X Plan dated 14.09.2004 | 18 | Reader – 8<br>Lecturer – 10 | UGC- X Plan (ratified by Govt. vide G.O no. 17/2011/H.Edn. dated 11.02.2011 |
| 4 | Post sanctioned by UGC During XI Plan | 30 | Reader – 2<br>Lecturer – 28 | Approved by Govt. vide G.O.(MS)No. 275/10/H.Edn. dated 04.09.2010 |
| 5 | G.O(MS) No. 60/2014/H.Edn/ dated 01.02.2014 | 15 | Associate Professor/reader – 10<br>Assistant Professor/Lecturer - 5 | - |
| 6 | Posts at Academic staff college sanctioned by UGC | 3 | Director/Professr – 1<br>Associate Professor/Reader – 1<br>Assistant Professor/Lecturer - 1 | B2/168/2018/HEDN dated 02.08.2019 |

72 പുതിയ അദ്ധ്യാപക തസ്തികകൾ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിലേക്ക് 13.11.2017 ന്, അക്കാദ് ബി4/ടീച്ചിങ്ങ് പോസ്റ്റ്/2016 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 01.11.2019 നും 08.10.2020 നും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടുണ്ട്.

Q.No. 23

Sri. M P A RAHIM

സ്വാശ്രയ കോളേജുകൾക്ക് നാക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനാവശ്യമായ വല്ല മാർഗ്ഗ നിർദ്ദേശങ്ങളും യൂണിവേഴ്സിറ്റി തയ്യാറാക്കുന്നുണ്ടോ?. ഇല്ലെങ്കിൽ ഇതിനായി നിർദ്ദേശങ്ങൾ തയ്യാറാക്കുമോ?.

**ഉത്തരം** - കേരള സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ പ്രധാന ലക്ഷ്യം കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അക്രഡിറ്റേഷൻ ഇല്ലാത്തതുമായ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സർവ്വകലാശാലയിൽ IQAC Cell NAAC ന്റെ സാമ്പത്തിക സഹായത്തോടെ Quality in Higher Education എന്ന വിഷയത്തെ കുറിച്ച് ദേശീയ ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ട്. അക്രഡിറ്റേഷൻ ഇല്ലാത്ത സ്വാശ്രയ സ്ഥാപനങ്ങളിലെ 77 പ്രിൻസിപ്പാൾമാർ ഈ ശിൽപശാലയിൽ പങ്കെടുത്തിട്ടുണ്ട്.

Q.No. 24

Dr. ISMAIL OLAYIKKARA

നിലവിലുണ്ടായിരുന്ന ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കാലാവധി 2020 ആഗസ്റ്റ് 5 ന് അവസാനിച്ച സാഹചര്യത്തിൽ പുതിയ പഠന ബോർഡുകളുടെ നിയമനവുമായി ബന്ധപ്പെട്ട നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ?. ഉണ്ടെങ്കിൽ അതിന് ചാൻസിലറിൽ നിന്ന് അംഗീകാരം ലഭിച്ചോ?.

**ഉത്തരം** - ഉണ്ട്. 70 പഠന ബോർഡുകളുടെ പുനഃ,സംഘടനയും, പുതുതായി രൂപീകരിക്കുന്ന ഒരു ബോർഡിന്റെ രൂപീകരണവും പൂർത്തിയായി. അംഗങ്ങളുടെ ബയോഡാറ്റ സഹിതം ബഹു. വൈസ് ചാൻസിലറുടെ വിശദപരിശോധനക്കു സമർപ്പിച്ചിട്ടുണ്ട്. അവ ബഹു. ചാൻസിലറുടെ അംഗീകാരത്തിന് സമർപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

Q.No. 25

Sri. SAJU P.J

സെൻട്രൽ ലൈബ്രറി കെട്ടിടത്തിലേക്ക് പഠനവകുപ്പുകൾ മാറ്റുന്ന കാര്യം സർവ്വകലാശാല സിന്റിക്കേറ്റ് നേരത്തേ തീരുമാനിച്ചു കഴിഞ്ഞതാണ്. ഈ അധ്യയന വർഷം ഏതെങ്കിലും പഠന വകുപ്പുകൾ ലൈബ്രറി കെട്ടിടത്തിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?.

**<u>ഉത്തരം</u>** – സർവ്വകലാശാലയുടെ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലേക്ക് പഠന വകുപ്പുകൾ മാറ്റുന്നത് സംബന്ധിച്ച് സർവ്വകലാശാല ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

Q.No. 26

<u>Dr. R.K. BIJU</u>

06.08.2018 മുതൽ രണ്ടു വർഷത്തേക്ക് നിലവിൽ വന്നിരുന്ന പഠന ബോർഡു കളിൽ UGC നിർദ്ദേശിക്കുന്ന തരത്തിൽ അതാത് വിഷയങ്ങൾ പഠിപ്പിക്കുവാൻ യോഗ്യത ഇല്ലാത്ത അധ്യാപകരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടോ?. ഉണ്ടെങ്കിൽ എത്ര പേരെ ഇത്തരത്തിൽ പഠന ബോർഡ് ചെയർമാൻമാരായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്?. കൂടാതെ ഏതൊക്കെ ബോർഡുകളിൽ എത്ര അംഗങ്ങളെ വീതം പ്രസ്തുത വിഷയം കൈകാര്യം ചെയ്യുവാൻ യോഗ്യതയില്ലാത്തവരായി നിയമിച്ചിട്ടുണ്ട്?.

**<u>ഉത്തരം</u>** – ഇല്ല. എല്ലാ പരാതികളും പരിഹരിച്ചു യോഗ്യരായ അംഗങ്ങളെ നാമനിർദ്ദേശം ചെയ്താണ് പ്രസ്തുത പഠന ബോർഡുകൾ രൂപീകരിച്ചത്.

Q.No. 27

<u>Dr. JOBY K JOSE</u>

കണ്ണൂർ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ 2020 ജനുവരി ഒന്നിന് ശേഷം എത്ര അധ്യാപകരുടെ സ്ഥിരനിയമനം നടത്തി?. സർവ്വകലാശാല പഠന വകുപ്പുകളിൽ കൂടുതൽ സ്ഥിരാധ്യാപകരെ നിയമിക്കാൻ വേണ്ട എന്ത് നടപടി യാണ് സർവ്വകലാശാല സിൻഡിക്കേറ്റ് സ്വീകരിച്ചിട്ടുള്ളത്?.

**<u>ഉത്തരം</u>** – 2020 ജനുവരിക്ക് ശേഷം 25 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. (വിവിധ പഠന വകുപ്പുകളിലായി 23 അദ്ധ്യാപകർ + 1 ഡയറക്ടർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ + 1 അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ). 72 പുതിയ അദ്ധ്യാപക തസ്തികകൾ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാറിലേക്ക് 13.1182017 ന്, അക്കാദ് ബി4/ടീച്ചിങ്ങ് പോസ്റ്റ്/2016 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 8.10.2020 നും 01.11.2020 നും ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.

Q.No. 28

<u>Dr. M.P. SHANOJ</u>

കോവിഡ് സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ Online ക്ലാസ്സുകൾ കൃത്യമായി നടന്നു വരുന്നുണ്ട്. സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുക ളിലെ സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ട വിദ്യാർത്ഥി കളുടെ പഠന പങ്കാളിത്തം സംബന്ധിച്ച് യൂണിവേഴ്സിറ്റി അന്വേഷണം നടത്തി

യിട്ടുണ്ടോ?. പ്രസ്തുത വിദ്യാർത്ഥികളുടെ പഠന പങ്കാളിത്തം ഉറപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?.

**ഉത്തരം** – സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ വഴിയുള്ള പഠനത്തിനായി ഓരോ കോളേജും 50 Mbps ഇന്റർനെറ്റ് വേഗതയുള്ള ചുരുങ്ങിയത് 25 കംമ്പ്യൂട്ടറുകൾ ഉപയോഗപ്പെടുത്താനും ഓരോ ദിവസവും ഓൺലൈൻ പഠനത്തിനാവശ്യത്തിലേക്കായി അധ്യാപകർ തയ്യാറാക്കിയ ലക്ച്ചറുകൾ അതാതു കോളേജുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും 11.06.2020 തീയ്യതിയിലെ അക്കാഡ് ഡി/761/2020 നമ്പർ സർക്കുലർ മുഖേന കോളേജുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥികൾക്കായി സർവ്വകലാശാല പഠന വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ പാഠ്യ വിഷയങ്ങൾ അപ് ലോഡ് ചെയ്യുന്നതിനും കൂടാതെ നിലവിൽ ഓൺലൈനിൽ ലഭ്യമായ Content ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി ഒരു e-learning portal ആരംഭിക്കുകയും അത് website ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

Q.No. 29

Sri. M P A RAHIM

കോവിഡ് കാലഘട്ടമായതിനാൽ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട പല പാഠ്യേതര വിഷയങ്ങളിലും ഗ്രേസ്മാർക്ക് കിട്ടാതെ പോവാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?.

**ഉത്തരം** – റഗുലർ പഠന കാലയളവിൽ കായിക മത്സരങ്ങളിലും, എൻ.സി.സി. പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പങ്കാളിത്ത ത്തിനും മികവിനുമാണ് അതാത് അധ്യയന വർഷങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിച്ച് വരുന്നത്. കോവിഡ് – 19 രോഗ വ്യാപന സാഹചര്യം നിലനിൽക്കു ന്നതിനാൽ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജിലേയും, സർവ്വകലാശാലയുടെ പഠന വകുപ്പുകളിലേയും വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേനയാണ് ക്ലാസുകൾ നടത്തി വരുന്നത്.

നടപ്പ് അധ്യയന വർഷത്തിൽ റഗുലർ ക്ലാസ്സുകൾ ആരംഭിച്ച് പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്ന പക്ഷം ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന സാഹചര്യം സംജാതമാകും എന്നതിനാൽ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

Q.No. 30

Sri. SATHEESAN P.K

സർക്കാരുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാലയുടെ കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി പുതുതായി ഒരു കൺസൾട്ടൻസിയെ നിയമിച്ചതായി പത്രമാധ്യമം വഴി അറിയാൻ കഴിഞ്ഞു. അങ്ങനെ കൺസൾട്ടൻസിയെ നിയമിക്കുന്നതിന് വേണ്ടി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ?.

അപേക്ഷ ക്ഷണിച്ചിട്ടില്ലെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് കൺസൾട്ടൻസിയെ നിയമിച്ചത്?. നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?. ആരാണ് കൺസൾട്ടൻസി അവരുടെ പേരും, വിലാസവും, ഔദ്യോഗിക പദവി എന്നിവ നൽകാമോ?.

**ഉത്തരം** – സർക്കാരുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാലയുടെ കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല. 15.09.2020 ൽ നടന്ന സിണ്ടിക്കേറ്റ് യോഗം 2020.410 നമ്പർ പ്രകാരം തീരുമാനിച്ച തനുസരിച്ച്, സർക്കാരുമായി നിരന്തരം ബന്ധപ്പെട്ട് ഔദ്യോഗിക കാര്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ശ്രീ. പി. മനോഹരൻ, വിഷ്ണു ഗാർഡൻ, ആടിച്ചനല്ലൂർ പി.ഒ, കൊല്ലം ജില്ല – 691573 എന്ന വ്യക്തിയെ ആറുമാസക്കാലയളവിലേക്കു സർവ്വകലാശാലയുടെ ലെയ്സൺ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

Q.No. 31

Sri. VIJAYAKUMAR V

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കായി സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഏതെങ്കിലും തരത്തിലുള്ള 'Campus placement' സംവിധാനമുണ്ടോ? സർവ്വകലാശാല Outcome Based Education (OBE) നടപ്പിലാക്കുന്ന ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു?.

**ഉത്തരം** – കണ്ണൂർ സർവ്വകലാശാലയിൽ Placement/Career Guidance Cell തുടങ്ങാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾ തൊഴിൽ സംരംഭകർ കൂടിയാകുക എന്ന ലക്ഷ്യത്തോടെ ബിസിനസ് ഇൻക്യൂബേഷൻ സെന്റർ (BIC) എന്നൊരു പദ്ധതി കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

2019 മുതൽ ആണ് സർവ്വകലാശാല Outcome Based Education (OBE) നടപ്പിലാക്കിയത്. എന്നതിനാൽ, പ്ലേസ്മെന്റ് സംബന്ധിച്ച് നടപടികൾ ഒന്നും ഇതുവരെ ആയിട്ടില്ല.

Q.No. 32

Sri. SATHEESAN P.K

അനദ്ധ്യാപക ജീവനക്കാരുടെ പരീക്ഷാ വേതനം പരിഷ്കരിച്ചിട്ടുണ്ടോ?. ആയത് സംബന്ധിച്ച് മുന്നേയുള്ള സെനറ്റ് യോഗത്തിൽ വിഷയം ഉന്നയിച്ചതാണ്. വർഷങ്ങളായി കോളേജ് അനദ്ധ്യാപക ജീവനക്കാരുടെ പരീക്ഷാ വേതനം പരിഷ്കരിക്കാത്തത്. നാമമാത്രമായ തുകയാണ് ഇപ്പോൾ ജീവനക്കാർക്ക്

ലഭിക്കുന്നത്. മറ്റ് സർവ്വകലാശാലകളുടേതിന് തുല്യമാക്കി പരിഷ്ക്കരിക്കാമെന്ന് സെനറ്റ് യോഗത്തിൽ ഉറപ്പ് നൽകിയതാണ്. എന്നാൽ ഇതുവരെയായും സർവ്വകലാശാല പരിഷ്ക്കരണം നടപ്പിലാക്കിയതായി കാണുന്നില്ല. എപ്പോൾ പരിഷ്ക്കരണം നടപ്പിലാക്കും. മുൻകാല പ്രാബല്യത്തോടു കൂടി നടപ്പിൽ വരുത്തുമോ?.

**<u>ഉത്തരം</u>** - അഫിലിയേറ്റഡ് കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത് 28.03.2012 തീയ്യതിയിലെ U.O. No. CEO/3/Remn.etc/(1) പ്രകാരമാണ്. വിദൂര വിദ്യാഭ്യാസ പരീക്ഷാ ജോലിയിൽ ഏർപ്പെടുന്ന അനദ്ധ്യാപകരുടെ വേതനം 20.11.2020 തീയ്യതിയിലെ U.O. No. EXAM/EAC1/1/32/2017 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. സെനറ്റ് തീരുമാനം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ സമർപ്പിച്ച് തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

Q.No. 33

<u>Dr. SWARUPA R</u>

യൂണിവേഴ്സിറ്റി സെമസ്റ്റർ പരീക്ഷകളുടെ റിസൾട്ടുകൾപബ്ലിഷ് ചെയ്യുന്ന സമയങ്ങളിൽ മാർക്ക് ലിസ്റ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് പുറമെ കോളേജ് Login ID ഉപയോഗിച്ച് ഓരോ സ്ട്രീമിലെയും മുഴുവൻ വിദ്യാർത്ഥികളുടെയും മാർക്ക് ലിസ്റ്റ് കോളേജിനും കഴിഞ്ഞ ഒരു വർഷം മുമ്പ് വരെ ലഭിക്കാറുണ്ടായിരുന്നു. അവസാനമായി യൂണിവേഴ്സിറ്റി പബ്ലിഷ് ചെയ്ത റിസൾട്ടുകളുടെ മാർക്ക് ലിസ്റ്റ് ഇത്തരത്തിൽ കോളേജിന് ലഭ്യമാക്കുന്നതായി കാണുന്നില്ല. വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് ഇപ്പോൾ കോളേജിന് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ്?. ഇത് തുടർന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ?.

**<u>ഉത്തരം</u>** - ഓൺലൈൻ ആവശ്യത്തിനുള്ള സെർവർ മാറ്റി പുതിയത് തയ്യാറാക്കുന്ന ജോലി പുരോഗമിക്കുന്നതിനിടയിൽ പബ്ലിഷ് ചെയ്ത റിസൾട്ടുകളുടെ മേൽ പറയപ്പെട്ട ലിങ്ക് ലഭ്യമാക്കിയിരുന്നില്ല. യു. ജി. കോഴ്സുകളുടെ അടുത്ത റിസൾട്ട് മുതൽ ഇത് ലഭ്യമാക്കുന്നതാണ്.

Q.No. 34

<u>Dr. ISMAIL OLAYIKKARA</u>

ഗവേഷക വിദ്യാർത്ഥികൾക്ക് സർവ്വകലാശാല സ്കോളർഷിപ്പും യുജിസി യിൽ നിന്ന് ലഭിക്കേണ്ട സ്കോളർഷിപ്പും കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ?

**<u>ഉത്തരം</u>** - സർവ്വകലാശാല/ യു.ജി.സി സ്കോളർഷിപ്പുമായി ബന്ധപ്പെട്ട അപേക്ഷകൾ/ അനുബന്ധ രേഖകൾ/ ബില്ലുകൾ എന്നിവ കൃത്യമായി സമർപ്പിക്കുന്ന പക്ഷം (സർക്കാരിൽ നിന്നുള്ള ഫണ്ട് ലഭ്യതക്കനുസരിച്ച്)

ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ട്.

Q.No. 35

Sri. K.V. UNNIKRISHNAN

കണ്ണൂർ സർവ്വകലാശാല പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സാങ്കേതികമായ പിഴവിന്റെ പേരിൽ പിഴ ചുമത്തുന്നത് സർവ്വകലാശാലയുടെ ഏതു ആക്ട് അല്ലെങ്കിൽ സ്റ്റാട്ട്യൂട്ട് അനുസരിച്ചാണ്? നിയമാനുസൃതമല്ലാതെയാണ് പിഴ ചുമത്തിയതെങ്കിൽ, എ.പി.സി., ഇന്റേണൽ മാർക്കുകൾ എന്നിവ സമയബന്ധിതമായി സർവ്വകലാശാലയിൽ ലഭിച്ചില്ലെന്ന കാരണത്താൽ ഈടാക്കിയ പിഴ കോളേജുകൾക്ക് തിരിച്ചു നൽകുമോ?.

**ഉത്തരം** - സർവ്വകലാശാല നിശ്ചയിച്ച സമയപരിധിക്കുള്ളിൽ, പരീക്ഷാ അപേക്ഷകൾ, ഇന്റേർണൽ മാർക്ക്, APC തുടങ്ങിയവ പരീക്ഷാ വിഭാഗത്തിൽ ലഭ്യമാകാത്തത് പരീക്ഷയുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായ ഫല പ്രഖ്യാപനത്തിനും തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനാണ് പിഴ ചുമത്താനുള്ള തീരുമാനം എടുത്തിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാല ആക്ട് സെക്ഷൻ 5 (XXX) പ്രകാരം, പരീക്ഷാ നടത്തിപ്പ് ബോഡി എന്ന നിലയിൽ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളും ആവശ്യങ്ങളും കൈവരിക്കുന്നതിലേക്ക് അതുമായി ബന്ധപ്പെട്ടതും ആനുഷംഗികമായതോ അല്ലാത്തതോ ആയ പ്രവർത്തികളും കാര്യങ്ങളും ചെയ്യുന്നതിന് സർവ്വകലാശാലക്ക് അധികാരമുണ്ട്. നിലവിൽ സിണ്ടിക്കേറ്റ് / വൈസ് ചാൻസിലറുടെ തീരുമാന പ്രകാരമാണ് പിഴ ചുമത്തുന്നത്. കണ്ണൂർ സർവ്വകലാശാല ആക്ട് സെക്ഷൻ 11 പ്രകാരം വൈസ് ചാൻസിലർക്കും സെക്ഷൻ 25 പ്രകാരം സിണ്ടിക്കേറ്റിനും പരീക്ഷ സുഗമമായി നടത്തുക, ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരം നൽകുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ 23.03.2020 മുതൽ 09.10.2020 വരെ സമർപ്പിക്കേണ്ടതായ രേഖകൾ സമർപ്പിക്കുന്നതിൽ വൈകുന്നതിന് ചുമത്തിയ പിഴ അപേക്ഷ പരിഗണിച്ച് തിരിച്ചു നൽകാൻ സിണ്ടിക്കേറ്റ് (ഐറ്റം നമ്പർ 2020.545 തീയ്യതി 17.11.2020) തീരുമാനിച്ചിട്ടുണ്ട്.

Q.No. 36

Dr. SURESH KUMAR K.S

തൃക്കരിപ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൂമിയുമായും കെട്ടിട സൗകര്യക്കുറവുമായും ബന്ധപ്പെട്ട എന്തെങ്കിലും പരാതി സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ടോ?. പരാതിയിന്മേൽ അന്വേഷണം ഉണ്ടായിട്ടുണ്ടോ?. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?.

**<u>ഉത്തരം</u>** - തൃക്കരിപ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജ്, തൃക്കരിപ്പൂർ പഞ്ചായത്തിൽ കരോളം എന്ന സ്ഥലത്ത് വാടക കെട്ടിടത്തിൽ 2013 മുതൽ പ്രവർത്തിച്ചുവരുന്നുണ്ടായിരുന്നു. 23.05.2018 ന് യൂണിവേഴ്സിറ്റി ആസ്ഥാനത്ത് വച്ച് വൈസ് ചാൻസിലറുടെ സാന്നിധ്യത്തിൽ നടത്തിയ ഹിയറിംഗിൽ കോളേജ് അധികാരികളോട് 13.03.2019 ന് മുൻപായി എല്ലാ സൗകര്യങ്ങളോടും കൂടിയ സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നിർദ്ദേശിച്ചു.

അതേസമയം 13.03.2019 ന് കോളേജിന്റെ കെട്ടിട സൗകര്യങ്ങളെ കുറിച്ചുള്ള ഒരു പരാതി ബഹു. ഗവർണറുടെ ഓഫീസിൽ നിന്നും കൈമാറിയിരുന്നു. അതെ തുടർന്ന് പ്രൊ വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഒരു അടിയന്തിര ഇൻസ്പെക്ഷൻ നടത്താനാവശ്യപ്പെടുകയും 25.04.2019 ന് നടത്തിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് കമ്മീഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റുവാനുള്ള സമയപരിധി ഒരു വർഷം കൂടി നീട്ടി നൽകി.

പ്രസ്തുത കോളേജ് ആദ്യം തൃക്കരിപ്പൂർ, തങ്കയം, ചെറുകാനം എന്ന പ്രദേശത്തെ പാടിപുഴയോരത്ത് 10 ഏക്കർ സ്ഥലം കണ്ടെത്തുകയും, ആയത് യൂണിവേഴ്സിറ്റിയെ അറിയിക്കുകയും ചെയ്തിരുന്നു. ആയതിനെ സംബന്ധിച്ച് തണ്ണീർത്തട നിയമവുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം നടന്നിട്ടില്ല. അതിനുശഷം തൃക്കരപ്പൂർ മണിയനടി എന്ന പ്രദേശത്ത് 2 ഏക്കർ 3 സെന്റ് ഭൂമി ട്രസ്റ്റിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ വിവരങ്ങൾ യൂണിവേഴ്സിറ്റിക്ക് കൈമാറുകയും ചെയ്തിരുന്നു. മേൽ പറഞ്ഞ ഭൂമി വഖഫ് ഭൂമിയാണെന്നുള്ള തർക്കം ഉയർന്നിരുന്നു. അതിനുശഷം സ്ഥലം വിട്ടു നൽകി പഴയ കെട്ടിടത്തിൽ തന്നെ കോളേജ് പ്രവർത്തിക്കാൻ തുടങ്ങി. 10.03.2020 ലെ സിൻഡിക്കേറ്റ് തീരുമാനം 2020.098 പ്രകാരം, കോളേജ് സ്ഥലം മാറുന്നതിനുള്ള മുൻകൂർ അനുവാദം വാങ്ങാത്തതിന് പിഴയായി 25,000/- രൂപ അടക്കാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ പറഞ്ഞ വിഷയങ്ങൾ പരിഗണിച്ച്പ്രസ്തുത കോളേജിനെ 2020-21 വർഷത്തെ പ്രവേശന പ്രക്രിയയിൽ നിന്നും ഒഴിവാക്കിയെങ്കിലും, കോടതി ഇടപെടലിനെ തുടർന്ന് കോളേജിനെ 2020-21 അധ്യയന വർഷത്തെ പ്രവേശന പ്രക്രിയയിൽ ഉൾപ്പെടുത്തുകയും സ്ഥിരം കെട്ടിടത്തിലേക്ക് മാറുന്നതിനായി 5 മാസം കൂടി (14.08.2020 മുതൽ) നൽകുകയും ചെയ്തു.

അതിനിടെ എസ്.എഫ്.ഐ. കാസർഗോഡ് ജില്ലാ കമ്മിറ്റിയുടെയും, കോളേജിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും നൽകിയ പരാതിയിൽ അന്വേഷണം നടത്താനായി 15.10.2020 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായിരുന്നു. തുടർന്ന് ബഹു. ഗവർണറുടെ ഓഫീസിൽ നിന്നും 05.10.2020 ന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്താനായി വൈസ് ചാൻസിലർ ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. (സിൻഡിക്കേറ്റംഗങ്ങളായ ഡോ. ടി.പി. അഷ്റഫ്, ഡോ. കെ.ടി. ചന്ദ്രമോഹനൻ, ഐ.ക്യു.എ.സി. ഡയറക്ടർ എന്നിവരാണ് അംഗങ്ങൾ).

കമ്മീഷൻ 23.11.2020 തീയ്യതിയിൽ കോളേജിൽ ഇൻസ്പെക്ഷൻ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

Q.No. 37

Dr. SWARUPA R

PhD course work വെക്കേഷൻ കാലയളവുകളിൽ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ?. നിലവിലെ സംവിധാനം അനുസരിച്ച് course work ചെയ്യേണ്ടതിന്റെ സമയക്രമം ഏതാണ്?.

**ഉത്തരം** - ഉണ്ട്. കോഴ്സ് വർക്ക് ചെയ്യുന്നത് യു.ജി.സി. നിയമാവലി അനുസരിച്ചാണ്.

Q.No. 38

Smt. LATHA E.S

Regarding the issue of Ph.D Degree Certificate, what is the reason for the delay in some cases. For those who have applied, till what date has it been issued.

**ഉത്തരം** - 2020 ജനുവരി 21 വരെ അപേക്ഷിച്ചവർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കാലതാമസം കുറച്ച് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Q.No. 39

Sri. SHANAVAS S.M

2020 - 21 അക്കാദമിക വർഷം ഇതുവരെയും കോളേജുകളിൽ Guest Lectures നിയമനം നടന്നിട്ടില്ല എന്ന കാര്യം യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?. ഇതുമായി ബന്ധപ്പെട്ട് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വല്ല ശ്രമവും ഉണ്ടായിട്ടുണ്ടോ?.

**ഉത്തരം** - ഇല്ല. ഇത്തരം പരാതികൾ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല. അതാതു പ്രൈവറ്റ് കോളേജുകളാണ് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. അവർക്ക് ശമ്പളം നൽകുന്നത് കോളേജിയേറ്റ് എഡ്യുക്കേഷൻ/സർക്കാരാണ്.

Q.No. 40

Sri. VIJAYAKUMAR V

സർവ്വകലാശാലക്ക് കീഴിലെ സ്വാശ്രയ കോളേജ് അദ്ധ്യാപകരുടെ വേതന വ്യവസ്ഥകൾക്ക് സർവ്വകലാശാല രൂപീകരിച്ച നയങ്ങൾ സ്വാശ്രയ കോളേജുകൾ

അംഗീകരിക്കുന്നുണ്ടോ (നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്) എന്ന് പരിശോധിക്കുന്നതിന് സർവ്വകലാശാലയിൽ നിലവിലുള്ള സംവിധാനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശദീകരിക്കുക?

**<u>ഉത്തരം</u>** - കണ്ണൂർ സർവ്വകലാശാലയിൽ പുതുതായി രൂപീകരിച്ച സിൻഡിക്കേറ്റിന്റെ 10.08.2020 ന് ചേർന്ന ആദ്യയോഗം സ്വാശ്രയ മേഖലയിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 2020.363 ഇനം നമ്പർ പ്രകാരം പുന:സംഘടിപ്പിച്ചിരുന്നു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ കോളേജ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 04.09.2020 ന് സർവ്വകലാശാല ഉത്തരവിറക്കിയിട്ടുണ്ട്. SFCTSA പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റി 13.11.2020 ന് യോഗം ചേരുകയും സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് 31.05.2018 ന് ഇറക്കിയ സർവ്വകലാശാല ഉത്തരവിന്റെ Compliance report എല്ലാ കോളേജുകളിൽ നിന്നും ശേഖരിക്കാനും ആയത് അവലോകനം ചെയ്ത ശേഷം മാനേജ്മെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കാനും ശുപാർശ ചെയ്തിട്ടുണ്ട്.

Q.No. 41

<u>Smt. LATHA E.S</u>

Camp Directors have been appointed at various centralized valuation camps for the November/December 2019 sessions and April/May 2020 sessions. What are the duties of these Camp Directors and what is the total amount of money dispersed to such Camp Directors by way of remuneration and what is total amount paid to Board Chairman of various subjects.

**<u>ഉത്തരം</u>** - **<u>Duties of Camp Directors</u>** - The post of Camp Director is created from November 2018 session onwards for the smooth conduct of C V Camps. The Camp Director is appointed from among the teachers of the same College where the C V Camp is fixed. Duties of Camp Directors as per UO No.EX.CII/4/351/IV CMVC/April/2020 dated 19.10.2020.

I. He/she will have the overall control of the C M V Camp.
II. He/she shall be the liaison between the Colleges and the University officials and ensure the facilities like enough space for valuation, storage of scripts, data entry etc. required for the C M V Camp.

III. He/she shall ensure that the distribution of answer scripts for valuation is done as per University regulation keeping the time.
IV. He/she may ensure the availability of basic amenities for the examiners with the permission of College authorities.
V. If at all any unforeseen event occurs, he/she shall bring that into the notice of Controller of Examinations and the Syndicate member who is in charge of that C M V Camp.
VI. The instructions pertaining to the C M V camps, given from time to time by the University authorities, shall be implemented.
VII. At the time of closure of the C M V camps he/she shall submit a detailed report of the conduct of C M V camp and suggestions, if any, for future improvements.
VIII. He will ensure that all necessary facilities are provided for the smooth conduct of the camp adhering to the Government directions and rules for containment of COVID 19.

The total amount paid as remuneration to Camp Directors is Rs.15000/-(for SS camp) for November 2019 session .The bills of the remaining camp directors are incomplete/defective/yet to be submitted.

Total amount dispersed to BoE for November 2019 session is Rs.218712/- (Rupees Two Lakh Eighteen Thousand Seven Hundred and Twelve only)

The bills in respect to BoE chairman for April 2020 session is under process.

Q.No. 42

<u>Smt. SONA P</u>

കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ച ഏതെല്ലാം പരീക്ഷകളാണ് സർവ്വകലാശാല നടത്താൻ ബാക്കിയുള്ളത്?. ഇപ്പോൾ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്ന സെമസ്റ്ററുകളുടെ പരീക്ഷകൾ സംബന്ധിച്ചും തുടർന്നുള്ള സെമസ്റ്ററുകളുടെ ക്ലാസുകൾ സംബന്ധിച്ചും അക്കാദമിക് - പരീക്ഷാ പ്ലാനിംഗ് സർവ്വകലാശാല നടത്തിയിട്ടുണ്ടോ?.

**<u>ഉത്തരം</u>** - സർവ്വകലാശാലയുടെ സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള അറിയിപ്പ് യഥാസമയം പത്രകുറിപ്പിലൂടെയും വെബ്സൈറ്റി ലൂടെയും അറിയിക്കാറുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ച ഇനിയും നടക്കാനുള്ള പരീക്ഷകൾ ഇവയാണ്.

| Sl. No. | Name of Examination | Days/ Papers | Remarks |
|---|---|---|---|
| 1. | II Semester BA/BA Afsal-Ul-Ulama/B.Sc./ B.Com./BTTM/BBA/BBA-TTM/BBA-RTM/ BBA-AH/BCA/ BSW Degree (CBCSS OBE - 2019 Admission - Regular) Examinations, April 2020 & II Semester BA/BAAfsal-Ul-Ulama/ B.Sc./B.Com./BTTM/BBA/BBA-TTM/ BBA-RTM/BBA-AH /BCA/BBM/BSW Degree (CBCSS - 2014-2018 Admissions – Supplementary/ Improvement) Examinations, April 2020 II Semester B.Sc. Honours (CBCSS 2014 Admission Onwards – Regular/ Supplementary/ Improvement) Examinations, April 2020 | **8** | Scheduled on 05/01/2021 |
| 2. | III Semester B.A. LL.B. Programme Regular (2018 admission)/Supplementary (2009-2015 Syllabus and 2016-2017 admissions) Examinations, November 2019 | **6** | Scheduled on 29/12/2020 |
| 3. | I Semester B.A. LL.B. Programme Regular (2019 admission)/ Supplementary (2009-2015 Syllabus and 2016-2018 admissions) Examinations, November 2019 | **6** | Scheduled on 08/01/2021 |
| 4. | VII Semester B.A. LL.B. Programme Regular (2016 admission)/ Supplementary (2009-2015 admissions) Examinations, November 2019 | **5** | Scheduled on 17/12/2020 |
| 5. | II Year BA/B.Sc./B.Com./BBA/BCA./BA Afsal-Ul-Ulama Degree (SDE-Regular/ Supplementary/ Improvement- 2011 Admission Onwards) Examinations, April 2020 | **7** | Scheduled on 21/12/2020 |
| 6. | I Year BA/B.Sc./B.Com./BBA/BCA./BA Afsal-Ul-Ulama Degree (SDE-Regular/ Supplementary/ Improvement- 2011 Admission Onwards) Examinations, April 2020 | **7** | Scheduled on 21/12/2020 |
| 7. | First year M.A./M.Sc./ M.Com. (SDE-Regular/ Improvement/Supplementary) Examinations, | **10** | Will be conducted after I and II UG |

| | | | |
|---|---|---|---|
| | June 2020 | | Examinations SDE |
| 8. | Part II - III Semester M. Sc. Medical Microbiology/ Biochemistry Degree (2017 Admission Regular/ Supplementary) Examinations, November 2019 | | to be conducted after project work |
| 9. | I , III UG& I PG Sports/PRD Camp Special Examinations, October/ November 2019 | | Will be conducted in January |
| 10. | II Semester PGDCP R/S/I Examinations, May 2020 | 2 | Will be scheduled after considering the Course Coordinators' opinion. |

മൂന്നും അഞ്ചും സെമസ്റ്റർ പരീക്ഷകൾ നടത്തുന്നതിനായി ഈ സെമസ്റ്ററുകളുടെ ക്ലാസുകൾ നടന്നതും മറ്റ് വിവരങ്ങളും അക്കാദമിക് വിഭാഗത്തോട് ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറക്ക് പരീക്ഷകൾ വിജ്ഞാപനം ചെയ്ത് പരീക്ഷാ തീയ്യതി നിശ്ചയിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട യോഗം 10/12/2020 ന് ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

Q.No. 43

Sri. SATHEESAN P.K

കണ്ണൂർ സർവ്വകലാശാലയിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏത് മാനദണ്ഡപ്രകാരമാണ് അനുവദിച്ചിട്ടുള്ളത്?. ഒരു ഡിഗ്രി കോഴ്സും, ഒരു പിജി കോഴ്സും മിക്ക കോളേജുകളും അപേക്ഷ സമർപ്പിച്ചതായി അറിയുന്നു. എന്നാൽ 7 എയ്ഡഡ് കോളേജുകൾക്ക് ഓരോ കോഴ്സ് വീതമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള കല്ലിക്കണ്ടി കോളേജ് ഉൾപ്പെടെയുള്ള വിവിധ കോളേജുകൾക്ക് പുതിയ കോഴ്സ് ലഭിച്ചതായി കാണുന്നില്ല. സർവ്വകലാശാല സർക്കാരിൽ നിന്ന് പുതിയ കോഴ്സ് അനുവദിക്കുന്ന കാര്യത്തിൽ വേണ്ട താല്പര്യം കാണിക്കാതിരുന്നിട്ടുണ്ടോ?. അത്തരം കോളേജുകൾക്ക് ഇനി പുതിയ കോഴ്സുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?.

**ഉത്തരം** – ന്യൂ ജനറേഷൻ കോഴ്സുകൾ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചത് കേരള സർക്കാരാണ്. സർക്കാർ നിർദ്ദേശ പ്രകാരം സർവ്വകലാശാല പ്രസ്തുത കോഴ്സുകൾ വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 22 അപേക്ഷകളിൽ സർവ്വകലാശാല നിയമങ്ങൾ നിഷ്കർഷിച്ചുകൊണ്ട് 21 കോളേജുകളുടെ 44 കോഴ്സുകൾക്കായുള്ള അപേക്ഷകളാണ് സർവ്വകലാശാല സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചത്. ഇതിൽ എൻ.എ.എം. കോളേജ് കല്ലിക്കണ്ടിയിലെ 2 കോഴ്സുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ 05.11.2020 ലെ GO (MS) No. 389/2020/H.Edn നമ്പർ ഉത്തരവ് പ്രകാരം സർക്കാർ, 8 ഗവൺമെന്റ് കോളേജുകൾക്കും 7 എയ്ഡഡ്

കോളേജുകൾക്കുമാണ് കോഴ്സുകൾ അനുവദിച്ചുകൊണ്ട് Administrative Sanction നൽകിയിരിക്കുന്നത്.

Q.No. 44

Dr. SWARUPA R

ഓൺ ലൈൻ സംവിധാനം മുഖേന നടന്നുകൊണ്ടിരിക്കുന്ന 3,5 സെമസ്റ്ററുകളുടെ പരീക്ഷകൾ നടത്തുന്നതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുക്കുകയോ നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടോ?. ഉണ്ടെങ്കിൽ പരീക്ഷ രീതി (ഓൺ ലൈൻ/ഓഫ് ലൈൻ) ഏതായിരിക്കും?. പരീക്ഷ എപ്പോഴായിരിക്കും ഉണ്ടാവുക?.

**ഉത്തരം** - നിലവിൽ മേൽ സെമസ്റ്റർ പരീക്ഷാരീതിയെക്കുറിച്ച് (ഓൺലൈൻ-ഓഫ്‌ലൈൻ) നയപരമായി തീരുമാനം എടുത്തിട്ടില്ല. 10/12/2020 ന് ചേരുന്ന എക്സ്പേർട്സ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

Q.No. 45

Sri. SHANAVAS S.M

കോവിഡ് എന്ന മഹാമാരി സൃഷ്ടിച്ച അനിശ്ചിതത്തിനു ഇടയിലും ജൂൺ 1 ന് തന്നെ ക്ലാസുകൾ ആരംഭിക്കുവാൻ സാധിച്ചത് പ്രശംസനീയം തന്നെയാണ്. എന്നാൽ ഈ പ്രത്യേക സാഹചര്യത്തിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി പ്രവർത്തിക്കുന്ന കോളേജുകൾക്കും മറ്റു അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും അവരുടെ പാഠ്യ പ്രവർത്തനങ്ങൾ ഏകീകൃത മാക്കുവാൻ യൂണിവേഴ്സിറ്റി ഇതുവരെയായി വല്ല നടപടിയും കൈക്കൊണ്ടി ട്ടുണ്ടോ?. ഏതെങ്കിലും Learning Management System ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾക്ക് നൽകിയിട്ടുണ്ടോ?. എന്തൊക്കെ നടപടികളാണ് യൂണിവേഴ്സിറ്റി മേൽ വിഷയത്തിൽ കൈക്കൊണ്ടത്?.

**ഉത്തരം** - കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം വിഭാവനം ചെയ്ത SWAYAM, SWAYAM PRABHA ഇ-ലേർണിംഗ് പ്ലാറ്റ്ഫോമുകളും ASAP ന്റെ G-suit സേവനങ്ങളും ഉപയോഗപ്പെടുത്തണമെന്ന് യഥാക്രമം 26.08.2020, 04.11.2020 തീയ്യതികളിലെ ACAD.D2/761/2020 നമ്പർ സർക്കുലർ മുഖേന കോളേജുകളെ അറിയിച്ചിരുന്നു.

II. Business brought forward by the Members of the Syndicate and the Vice-Chancellor.

3.15 സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി. സർവ്വകലാശാലയുടെ സ്വയംഭരണാവകാശം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രമേയം സഭയിൽ അവതരിപ്പിച്ചു.

സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കപ്പെടണം. സമൂഹത്തിന്റെ വിശാല താൽപര്യങ്ങളോടും പ്രശ്നങ്ങളോടും സ്വതന്ത്രമായി പ്രതികരിക്കുവാനും രാജ്യത്തിന്റെ പൊതു വികസന ലക്ഷ്യങ്ങളോട് പൊരുത്തപ്പെടുന്ന വിധത്തിൽ വൈജ്ഞാനിക സംഭാവനകൾ നൽകുവാനും മാനുഷിക വിഭവങ്ങൾ രൂപപ്പെടുത്തുവാനുള്ള പ്രാപ്തി കൈവരക്കാനും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം അത്യാവശ്യമാണ്. പക്ഷെ പുതിയ വിദ്യാഭ്യാസ നയം മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടുകൾ ഇതിനു വിരുദ്ധമാണ്. ഈ അവസരത്തിൽ ഉയർന്ന ജനാധിപത്യ ബോധത്തിന്റെ ഉണർവുകൾ രൂപപ്പെടുത്താൻ, ഉന്നത വിദ്യാഭ്യാസം മുന്നോട്ടു വെക്കുന്ന ദർശനങ്ങൾ നടപ്പിൽ വരുത്താൻ സർവ്വകലാശാലകളുടെ സ്വയം ഭരണം സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം നിറവേറ്റണമെന്നു ഭരണാധികാരികളോട് ആവശ്യപ്പെടുന്നു.

3.16 സിൻഡിക്കേറ്റ് മെമ്പർ ഡോ. വി.പി.പി. മുസ്തഫ ഇന്ത്യൻ കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന പ്രമേയം അവതരിപ്പിച്ചു.

അതിശൈത്യത്തോട് പൊരുതി നിന്ന് മണ്ണിന്റെ മക്കൾ മൂന്നാഴ്ചയിലേറെ ആയി ഡൽഹിയിൽ സമരമുഖത്താണ്. ചോരയും നീരും കൊണ്ട് അന്നം വിളയിക്കുന്നവർക്ക് വേണ്ടാത്ത കർഷക വിരുദ്ധ ബില്ലുകൾ പിൻവലിച്ച് കോർപ്പറേറ്റ് താൽപര്യങ്ങളുടെ ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുവാനും അടിയന്തിരമായി ഇടപെടണമെന്നും കേന്ദ്ര ഭരണകൂടത്തോട് ഈ സെനറ്റ് സമ്മേളനം ആവശ്യപ്പെടുന്നു.

3.17 സെനറ്റ് രണ്ട് പ്രമേയങ്ങളും അംഗീകരിച്ചു.

III. Business brought forward by the members of the Senate.

Resolution No.1

Dr. SWARUPA R moved the resolution.

The meeting of the Senate resolves to recommend that the virtual classroom teaching may be made more effective by resorting to a common learning management system instituted by the Kannur University. This will benefit to the student community to a great extent and also bring about a uniformity in teaching / learning process, especially in the current pandemic situation.

3.18 Sri. Shanavas S.M പ്രമേയത്തെ പിന്താങ്ങി.

3.19 പ്രമേയം സഭ പാസ്സാക്കി.

Resolution No.2

Smt. SISIRA T.K. moved the resolution.

സർവ്വകലാശാല അറിയിപ്പുകൾ SMS, EMAIL എന്നിവയായി വിദ്യാർത്ഥി കളിലേക്ക് എത്തിക്കുക.

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ പഠിക്കുന്ന റെഗുലർ - ഡിസ്റ്റൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുമായി ബന്ധപ്പെടുന്ന പരീക്ഷാ സംബന്ധമായ അറിയിപ്പുകൾ, മറ്റു വിവരങ്ങൾ എന്നിവ വിദ്യാർത്ഥികളുടെ മൊബൈൽ നമ്പറുകളിലേക്ക് എസ്.എം.എസുകളായും ഇ.മെയിൽ ഐ.ഡിയിലേക്ക് മെയിലുകളായും അതാത് സമയങ്ങളിൽ അറിയിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കണമെന്നും വിദ്യാർത്ഥി സൗഹൃദ സർവ്വകലാശാലയായി മാറ്റുവാനും സാധിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.20 Sri. Saju P.J പ്രമേയത്തെ പിന്താങ്ങി.

3.21 പ്രമേയത്തിൽ പരാമർശിച്ച കാര്യം എത്രയും പെട്ടെന്ന് നടപ്പിലാക്കാമെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

3.22 പ്രമേയം സഭ പാസ്സാക്കി

Resolution No.3

Dr. R.K. BIJU moved the resolution.

കണ്ണൂർ സർവ്വകലാശാല ചട്ടത്തിലെ 47-ാം ചാപ്റ്ററിലെ പാർട്ട് സി യിലെ ഇനം നമ്പർ 43 ൽ 12-ാം നമ്പറായ ലൈബ്രറി അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഓഫീസ് അസിസ്റ്റന്റിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് നിയമിക്കേണ്ടത് എന്ന പരാമർശത്തിൽ ഓഫീസ് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ് എങ്കിൽ S.S.L.C. യോഗ്യതയുള്ളവരെ നേരിട്ട് നിയമിക്കുവാനും, പ്രൊബേഷൻ കാലയളവിൽ തന്നെ അറ്റന്റർ ടെസ്റ്റ് പാസ്സാകേണ്ടതാണ് എന്ന തരത്തിൽ സർവ്വകലാശാല ചട്ടം ഭേദഗതി ചെയ്യുവാൻ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.23 Sri K.V. Unnikrishnan പ്രമേയത്തെ പിന്താങ്ങി.

3.24 ലാബുകൾ വളരെ അഡ്വാൻസ്ഡ് ആയത് കൊണ്ട് യോഗ്യത എസ്.എസ്.എൽ.സി മതിയാവില്ലെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. സർവ്വകലാശാല ചട്ട പ്രകാരം ഓഫീസ് അസിസ്റ്റന്റിന് എസ്.എസ്.എൽ.സി പാസാവേണ്ടതില്ലെന്ന് ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഹയർ സെക്കണ്ടറിയിൽ പോലും ലാബ് അസിസ്റ്റന്റിന്റെ യോഗ്യത +2 ആണെന്നും അത്തരത്തിൽ +2 യോഗ്യതയായി സ്വീകരിക്കാമെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഇത് വൈസ് ചാൻസിലർ അംഗീകരിച്ചു. ഭാവിയിൽ ഉന്നത സ്ഥാനത്തേക്ക് എത്തണമെങ്കിൽ കൂടുതൽ യോഗ്യതയുള്ളവരെ പരിഗണിക്കണ മെന്ന് ശ്രീ. കെ.വി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു.

3.25 പ്രമേയം സഭ പാസ്സാക്കി

Resolution No.4

Dr. SHANOJ M.P moved the resolution.

ഗവേഷക വിദ്യാർത്ഥികൾ ഗവേഷണ കാലഘട്ടത്തിൽ സാങ്കേതികമായ വൈഷമ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. ആവശ്യമായ രേഖകൾ നൽകി ഗവേഷകർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നും തുടർന്നു വരുന്ന ആവശ്യങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ച് സാങ്കേതികതകൾ ലഘൂകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.26 Smt. Sona P പ്രമേയത്തെ പിന്താങ്ങി.

3.27 Ph.D സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടെന്ന് ഡോ. കെ. വിജയൻ അഭിപ്രായപ്പെട്ടു. ഓപ്പൺ ഡിഫൻസിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറച്ച് ഓൺലൈനിലേക്ക് മാറണമെന്നും, ഇലക്ട്രോണിക്ക് തീസിസിലേക്ക് മാറണമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. സെമിനാർ കഴിഞ്ഞ് Pre-submission accept ചെയ്ത ഉടനെ തന്നെ പരിശോധകരുടെ പാനൽ നൽകുന്ന രീതി ഉണ്ടാവുകയാണെങ്കിൽ സർട്ടിഫിക്കറ്റ് നൽകാനുള്ള കാലതാമസം ലഘൂകരിക്കാൻ കഴിയുമെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

3.28 പ്രമേയം സഭ പാസ്സാക്കി

Resolution No.5

Sri. SHANAVAS S.M moved the resolution.

2020 – 21 അദ്ധ്യയന വർഷം 6 മാസം പിന്നിട്ടിട്ടും കോളേജുകളിൽ ഇതുവരെയായി ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. ഓരോ കോളേജിലും ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമല്ലാത്തതിനാൽ സെമസ്റ്റർ അവസാനിക്കാറായിട്ടും പല വിഷയങ്ങളിലും ക്ലാസ്സുകൾ ആരംഭിക്കുക പോലും ചെയ്തിട്ടില്ല. എത്രയും നേരത്തെ ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തണമെന്നു ഗവൺമെന്റിനോട് ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.29 ഗസ്റ്റ് ലക്ചറർമാരില്ലാതെ ക്ലാസ് നടത്തികൊണ്ടു പോവുക ബുദ്ധിമുട്ടാണെന്നും ഈ പ്രമേയം പാസ്സാക്കുന്നതോടൊപ്പം സർവ്വകലാശാല ഗവൺമെന്റിന് ഒരു കത്തെഴുതണമെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഗസ്റ്റ് ലക്ചറർമാരുടെ നിയമനം ഗവൺമെന്റ് വിലക്കിയിട്ടില്ലാത്തതിനാൽ പ്രമേയം അനവസരത്തിലുള്ളതാണെന്നും അതിനാൽ പ്രമേയം തള്ളിക്കളയണമെന്നും ഡോ. ടി.പി. അഷറഫ്, ശ്രീ. എം.സി. രാജു, ശ്രീ. പ്രമോദ് കുമാർ കെ.വി, ഡോ. സുരേഷ് കുമാർ കെ.എസ്, ശ്രീ. സാജു പി.ജെ, ശ്രീമതി. സോന പി, ശ്രീമതി. എൻ. സുകന്യ എന്നിവർ അഭിപ്രായപ്പെട്ടു. സാങ്കേതികത്വത്തിന്റെ പേരിൽ പ്രമേയം തള്ളിക്കളയരുതെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു. ശ്രീ. വിജയകുമാറും ചർച്ചയിൽ പങ്കെടുത്തു. ഉന്നയിച്ച വിഷയം

പ്രസക്തമാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ സാംഗത്യമില്ലെന്ന് ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. പ്രമേയം ആവശ്യമായ ഭേദഗതി വരുത്തി അംഗീകരിക്കണമെന്നും ഈ വിഷയത്തിൽ വളരെയധികം ഇടപെടലുകൾ അധ്യാപക സംഘടനകൾ നടത്തിയിട്ടുണ്ടെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഓൺലൈൻ ക്ലാസുകൾ വർക്ക്ലോഡിന് പരിഗണിക്കണമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. കോവിഡ് കാലത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ചില നല്ല ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ടെന്നും ഇനിയും പരിഹരിക്കാത്ത പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് വേണ്ടതെന്നും പ്രമേയം തള്ളിക്കളയേണ്ടതാണെന്നും ശ്രീമതി. എൻ. സുകന്യ അഭിപ്രായപ്പെട്ടു.

3.30 ചർച്ചകൾക്ക് ശേഷം പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.6

Smt. SISIRA T.K. moved the resolution.

കണ്ണൂർ സർവ്വകലാശാല പഠന വകുപ്പുകളിലെ കോഴ്സുകളിലേക്ക് പ്രവേശനത്തിന് സ്പോർട്സ് ക്വാട്ട അനുവദിക്കുക.

കണ്ണൂർ സർവ്വകലാശാല ക്യാമ്പസുകളിൽ നിരവധി പഠന വകുപ്പുകളാണ് പ്രവർത്തിക്കുന്നത്. ഈ പഠന വകുപ്പുകളിലേക്ക് പ്രവേശനം നടത്തുന്നത് പ്രത്യേകം പ്രവേശന പരീക്ഷകൾ നടത്തിയിട്ടാണ്. അതോടൊപ്പം ഓരോ സ്ട്രീമുകൾക്ക് എന്ന നിലയിൽ സ്പോർട്സ് ക്വാട്ടയും അനുവദിക്കുന്നുണ്ട്. ഇതിൽ ഭേദഗതി വരുത്തി അഫിലിയേറ്റഡ് കോളേജുകൾക്ക് സമാനമായി സ്ട്രീമുകൾക്ക് പകരം കോഴ്സുകളിലേക്ക് സ്പോർട്സ് ക്വാട്ട പ്രകാരം സീറ്റുകൾ റിസർവ്വ് ചെയ്യണമെന്നും ബിരുദ തലങ്ങളിൽ കായിക മേഖലയിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് അർഹമായ പരിഗണന നൽകണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.31 Sri. Saju P.J പ്രമേയത്തെ പിന്താങ്ങി.

3.32 പഠന വകുപ്പുകളിലെല്ലാം കൂടി 2 സീറ്റാണ് നിലവിൽ സ്പോർട്സ് ക്വാട്ടയ്ക്ക് നൽകുന്നതെന്നും ഇത് ഭേദഗതി ചെയ്ത് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. അഫിലിയേറ്റഡ് കോളേജുകളിൽ എല്ലാ വിഷയങ്ങൾക്കും സ്പോർട്സ് ക്വാട്ട ഉണ്ടെന്നും അതുപോലെ എല്ലാ പി.ജി. കോഴ്സുകൾക്കും കൂടി over & above ആയി സീറ്റുകൾ അനുവദിക്കണമെന്ന് ഡോ. ജോബി. കെ. ജോസ് അഭിപ്രായപ്പെട്ടു. വളരെ കാലമായി വിദ്യാർത്ഥികളുടെയും പൊതു സമൂഹത്തിന്റെയും ആവശ്യമാണിതെന്നും അംഗീകരിക്കേണ്ടതാണെന്നും ഡോ. ടി.പി. അഷറഫ് അഭിപ്രായപ്പെട്ടു. എയ്ഡഡ് കോളേജുകളിൽ പി.ജി കോഴ്സുകൾക്ക് മൊത്തം കുട്ടികളെ പൂളാക്കികൊണ്ടാണ് സ്പോർട്ട്സ് ക്വാട്ട അനുവദിക്കുന്നതെന്നും ഇത് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലും പ്രാവർത്തികമാക്കേണ്ടതാണെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഓരോ വിഷയത്തിലും സ്പോർട്ട്സ് ക്വാട്ട

അനുവദിക്കാനാകില്ലെന്ന് വൈസ് ചാൻസിലർ വ്യക്തമാക്കി. സ്പോർട്ട്സ് ക്വാട്ടയിൽ അപേക്ഷിച്ച യോഗ്യതയുള്ള ആയിട്ടുള്ള കുട്ടികൾക്ക് അവരുടെ മാർക്ക് വിലയിരുത്തി ഒരു പൂളാക്കികൊണ്ട് ഓരോ ഡിപ്പാർട്ട്മെന്റിലേക്കും ഡിസ്ട്രിബ്യൂട്ട് ചെയ്യണമെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

3.33 പ്രമേയം സഭ പാസ്സാക്കി

Resolution No.7

<u>Sri. MPA RAHIM</u> moved the resolution.

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളിൽ നിന്നും കോഴ്സ് അഫിലിയേഷൻ ഫീ, അഡ്മിനിസ്ട്രേഷൻ ഫീ എന്നീ ഇനങ്ങളിൽ ഭീമമായ സംഖ്യയാണ് ഈടാക്കുന്നത്. ഓരോ വർഷവും 5% വർദ്ധനവും നൽകിവരുന്നു. കേരളത്തിലെ ഇതര സർവ്വകലാശാലകളെ അപേക്ഷിച്ച് ഇത് വളരെ കൂടുതലാണ്. വിദ്യാർത്ഥി സംഘടനകൾ ഉൾപ്പെടെ ഫീ കുറയ്ക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ ഫീസുകൾ കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സെനറ്റ് യോഗം സിൻഡിക്കേറ്റിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.34 Sri. K.V Unnikrishnan പ്രമേയത്തെ പിന്താങ്ങി.

3.35 അഫിലിയേഷൻ ഫീസിന്റെ കൂടെ ജി.എസ്.ടി.യും കൂടി ഇനി നിലവിൽ വരുമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. മറ്റു സർവ്വകലാശാലകളെ അപേക്ഷിച്ച് കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേഷൻ ഫീസ് കൂടുതലാണെന്നും ഈ അന്തരം കുറച്ചുകൊണ്ടു വരണമെന്നും ശ്രീ. കെ.വി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. സാധ്യമായ ആവശ്യങ്ങൾ പരിഗണിക്കാമെന്നും വിദൂര വിദ്യാഭ്യാസ വിഭാഗം ഇല്ലാതാകുന്നതോടെ സർവ്വകലാശാലയുടെ വരുമാനം ഗണ്യമായി കുറയുമെന്നും തനതുഫണ്ട് കണ്ടെത്താതെ സർവ്വകലാശാലകൾക്ക് പ്രവർത്തിക്കാൻ കഴിയില്ലെന്നും വലിയ ബാധ്യതകൾ വരാതെ പ്രശ്നം പരിഹരിക്കണമെന്നും ഡോ. വി.പി.പി. മുസ്തഫ അഭിപ്രായപ്പെട്ടു. അഫിലിയേഷൻ ഫീസ് കുറയ്ക്കുകയാണെങ്കിൽ അതിന് ആനുപാതികമായി വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്ന ഫീസും കുറയ്ക്കണമെന്നും ഡോ. ജോബി. കെ. ജോസ് അഭിപ്രായപ്പെട്ടു. പ്രമേയം പരിഗണിക്കണമെന്ന് ശ്രീ. എ.എ. ജലീൽ അഭിപ്രായപ്പെട്ടു. സ്വാശ്രയ കോളേജുകൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും ഒരു വിദ്യാർത്ഥിയുടെ ഫീസ് മാത്രമേ അഫിലിയേഷൻ ഫീയായി വാങ്ങുന്നുള്ളൂവെന്ന് ഡോ. ടി.പി. അഷറഫ് അഭിപ്രായപ്പെട്ടു. നിശ്ചിത എണ്ണം വിദ്യാർത്ഥികളില്ലാത്ത സ്വാശ്രയ കോളേജുകൾ അടച്ചു പൂട്ടുകയാണ് വേണ്ടതെന്നും ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ വിശദമായ ചർച്ച വേണമെന്നും അടുത്ത യോഗത്തിൽ പരിഗണിക്കണമെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. സ്വാശ്രയ കോളേജുകളിൽ ക്വാളിഫൈഡ് ടീച്ചർമാരെ വെക്കണമെന്നും ടീച്ചർമാർക്ക് ശമ്പളം കൂട്ടി നൽകണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

3.36 പ്രമേയം സഭ പാസ്സാക്കി

Resolution No.8

Sri. SAJU P.J moved the resolution.

താവക്കര ക്യാമ്പസിൽ ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

താവക്കര ക്യാമ്പസിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്കും ജീവനക്കാർക്കും പ്രാഥമിക വൈദ്യസഹായം ലഭ്യമാക്കുന്നതിനായി സർവ്വ കലാശാല താൽപര്യപത്രം ക്ഷണിച്ചിരുന്നുവെങ്കിലും പദ്ധതി ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലെല്ലാം കിടത്തി ചികിത്സ അടക്കം ലഭിക്കുന്ന രീതിയിൽ സുസജ്ജമായ ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ദീർഘനേരം ഇരുന്ന് ജോലി ചെയ്യുന്നവരായതിനാൽ ജീവനക്കാർക്കിടയിൽ ജീവിത ശൈലി രോഗങ്ങൾ ഉള്ളവർ കൂടുതലുമാണ്. ജീവനക്കാർക്ക് പ്രാഥമിക ചികിത്സയെങ്കിലും ലഭ്യമാവുന്ന തരത്തിൽ ഒരു ഹെൽത്ത് സെന്റർ അടിയന്തിരമായും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണമെന്നും അതിന് കാലതാമസം വരികയാണെങ്കിൽ ഒരു അലോപ്പതി ഡോക്ടറുടെ സേവനം ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും താവക്കര ക്യാമ്പസിൽ ജീവനക്കാർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ ഉണ്ടാവണമെന്ന് സർവ്വകലാശാലയോട് അഭ്യർത്ഥിക്കുന്നു.

3.37 Dr. Joby. K. Jose പ്രമേയത്തെ പിന്താങ്ങി.

3.38 ഡോക്ടർമാരെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും ഹെൽത്ത് സെന്റർ അനിവാര്യമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

3.39 പ്രമേയം സഭ പാസ്സാക്കി

Resolution No.9

Dr. SURESH KUMAR K.S moved the resolution.

പരീക്ഷാ സംബന്ധിയായ ആവശ്യങ്ങൾക്കാണ് നിലവിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് നേരിട്ട് യൂണിവേഴ്സിറ്റിയെ സമീപിക്കേണ്ടി വരുന്നത്. മുഴുവൻ സേവനങ്ങളും ഓൺലൈനായി നൽകാൻ പറ്റുന്ന തരത്തിൽ യൂണിവേഴ്സിറ്റി പരീക്ഷാ വിഭാഗം പൂർണമായും കംപ്യൂട്ടർവൽക്കരിക്കണ മെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.40 Dr. Ismail Olayikkara പ്രമേയത്തെ പിന്താങ്ങി.

3.41 പ്രമേയം സഭ പാസ്സാക്കി

Resolution No.10

Dr. R.K. BIJU moved the resolution.

സംസ്ഥാന സർക്കാർ പുതുതായി അനുവദിച്ച UG, PG കോഴ്സുകൾക്ക് സർവ്വകലാശാലയിൽ നിലവിൽ പഠന ബോർഡുകൾ ഇല്ലെങ്കിൽ ബന്ധപ്പെട്ട

വിഷയത്തിൽ പഠന ബോർഡുകൾ രൂപീകരിച്ച് മാത്രമേ സിലബസ് തയ്യാറാക്കുവാൻ പാടുള്ളൂ എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.42 Dr. Premachandran Keezhoth പ്രമേയത്തെ പിന്താങ്ങി.

3.43 ഇന്നത്തെ സാഹചര്യത്തിൽ Expert committee കൾ വെച്ച് കോഴ്സുകൾ തുടങ്ങാമെന്നും പിന്നീട് റിവൈസ് ചെയ്യാമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലില്ലാത്തതിനാൽ എക്സ്പേർട്ട് കമ്മിറ്റികൾ വെച്ച് അവയുടെ വിശദമായ പരിശോധനക്ക് ശേഷം സിലബസ് ഉണ്ടാക്കിയിരിക്കുകയാണെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി ചൂണ്ടിക്കാട്ടി. ബോർഡ് ഓഫ് സ്റ്റഡീസിൽ വിഷയമായി ബന്ധമില്ലാത്തവരെ തിരുകി കയറ്റരുതെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് ആവശ്യപ്പെട്ടു. ഇന്ത്യയിലെ തന്നെ മികച്ച എക്സ്പേർട്ടുകളെ ഉൾപ്പെടുത്തി തന്നെയാണ് എക്സ്പേർട്ട് കമ്മിറ്റികൾ രൂപീകരിച്ചതെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രമേയം തള്ളിക്കളയണമെന്നും ഡോ. പ്രസാദൻ പി.കെ, ശ്രീ. പ്രമോദ് കുമാർ കെ.വി എന്നിവർ അഭിപ്രായപ്പെട്ടു. ബോർഡ് ഓഫ് സ്റ്റഡീസിലെ എല്ലാ അംഗങ്ങളും മികച്ചവരായിരിക്കണമെന്നും നേരത്തെ ചില ബോർഡ് ഓഫ് സ്റ്റഡീസുകളിൽ വിഷയവുമായി ബന്ധമില്ലാത്തവർ ചെയർമാൻമാരായി വന്നിട്ടുണ്ടെന്നും ഡോ. ആർ.കെ. ബിജു ചൂണ്ടിക്കാട്ടി. എക്സ്പേർട്ട് കമ്മിറ്റികളുടെ പ്രവർത്തനം സുഗമമായി നടന്നു വരുന്നതിനാൽ പ്രമേയത്തിന് പ്രസക്തിയില്ലെന്ന് ഡോ. പി.പി. ജയകുമാർ അഭിപ്രായപ്പെട്ടു.

3.44 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.11

Sri. SHANAVAS S.M moved the resolution.

കോവിഡ് കാരണം ഓൺലൈൻ ആയി ജൂൺ 1 നു ആരംഭിച്ച 3,5 സെമസ്റ്റർ ക്ലാസ്സുകളും നവമ്പർ 2 നു ആരംഭിച്ച 1 സെമസ്റ്റർ ക്ലാസ്സുകളുടെയും പരീക്ഷകൾ, പ്രാക്ടിക്കൽ ക്ലാസ്സുകൾ, ഫീൽഡ് വർക്കുകൾ എന്നിവയെ കുറിച്ചുള്ള ധാരണ വരുത്തുന്നതിന് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ആവശ്യമായ കോവിഡ് സ്പെഷ്യൽ അക്കാഡമിക് കലണ്ടർ, ഗൈഡ് ലൈൻസ് എന്നിവ നൽകുവാനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.45 Dr. R.K. Biju പ്രമേയത്തെ പിന്താങ്ങി.

3.46 പ്രമേയം സഭ പാസ്സാക്കി

Resolution No.12

Sri. VIJAYAKUMAR. V moved the resolution.

സർവ്വകലാശാലയുടെ കീഴിലുള്ള NSS യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ക്കായി അനുവദിച്ചിട്ടുള്ള തുക വർഷങ്ങൾക്കു മുമ്പേ തീരുമാനിക്കപ്പെട്ടതാണ്.

ആയതിനാൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം തടസ്സപ്പെടുകയാണ്. കൂടാതെ NSS പ്രോഗ്രാം ഓഫീസർമാർക്ക് വളരെ വലിയ സാമ്പത്തിക ബാധ്യതയും ഇതുമൂലം ഉണ്ടാകുന്നു. ആയതിനാൽ വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച പ്രവർത്തന ഫണ്ട് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിൽ സർവ്വകലാശാല സമ്മർദ്ധം ചെലുത്തണമെന്ന് പ്രമേയ ത്തിലൂടെ ആവശ്യപ്പെടുന്നു.

3.47 Sri. Shanavas SM പ്രമേയത്തെ പിന്താങ്ങി.

3.48 NCC ക്ക് 2 വർഷമായി അവാർഡ് വിതരണം ചെയ്തിട്ടില്ലെന്നും ഇത് പരിഹരിക്കണമെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. NCC ക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ലെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു.

3.49 പ്രമേയം സഭ പാസ്സാക്കി

Resolution No.13

Smt. LATHA E.S moved the resolution.

The COVID 19 Pandemic has undoubtedly upset the academic activities. Though classes are being held online, by the colleges, the students and the teachers face many practical problems. In the light of all these problems, the Senate resolves to ward off the anxiety of the students and teachers by directing the Board of Studies of various subjects to bring out a scheme of question papers and marking pattern for the forthcoming Semester Examinations.

3.50 Sri. Shanavas SM പ്രമേയത്തെ പിന്താങ്ങി.

3.51 പ്രസ്തുതവിഷയം വ്യക്തതക്ക് വേണ്ടി Standing committee on Examination ന് വിടണമെന്ന് ഡോ. പ്രസാദൻ പി.കെ അഭിപ്രായപ്പെട്ടു.

3.52 പ്രമേയം സഭ പാസ്സാക്കി

Resolution No.14

Smt. SISIRA T.K. moved the resolution.

സർവ്വകലാശാല ഇ-ലൈബ്രറി ആരംഭിക്കുക.

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ മൊബൈൽ ആപ്പ് വഴി പി.ഡി.എഫ് ഫയലുകളായി വിരൽ തുമ്പിൽ എത്തിക്കുവാനും ആവശ്യമായ ഇ-ലൈബ്രറി ആരംഭിക്കണമെന്നും കോവിഡ് കാലത്തുൾപ്പെടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്ക് സഹായ

കമാകുന്ന നിലയിലേക്ക് ലൈബ്രറിയെ മാറ്റണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.53 Dr. Manjula K.V പ്രമേയത്തെ പിന്താങ്ങി.

3.54 പ്രമേയം സഭ പാസ്സാക്കി

Resolution No.15

<u>Sri. K.V. UNNIKRISHNAN</u> moved the resolution.

കോവിഡ് 19 പശ്ചാത്തലത്തിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രി ശ്രീ. രമേഷ് പൊക്രിയാൽ വിളിച്ചു ചേർത്ത സർവ്വകലാശാല വൈസ് ചാൻസിലർ മാരുടെ യോഗത്തിൽ ഇന്ത്യയിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ ഫ്രീ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള പദ്ധതികളെക്കുറിച്ച് പഠിച്ച് തുക വ്യക്തമാക്കിക്കൊണ്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകി എന്ന വാർത്തയുണ്ടായിരുന്നു. ഈ പദ്ധതിയിൽ കണ്ണൂർ സർവ്വകലാശാല ഉൾപ്പെടുമെന്ന വാർത്ത സത്യമാണെങ്കിൽ കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന കോളേജുകളിൽ ഈ പദ്ധതി ഉടൻ നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

3.55 Dr. R.K. Biju പ്രമേയത്തെ പിന്താങ്ങി.

3.56 ഇന്റർനെറ്റ് സൗകര്യം മൗലികാവകാശമാക്കി മാറ്റിയ സംസ്ഥാനമാണ് കേരളമെന്നും ഈ സാഹചര്യത്തിൽ പ്രമേയത്തിന് പ്രസക്തിയില്ലെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. തുടർന്ന് പ്രമേയാവതാരകൻ തന്നെ പ്രമേയം പിൻവലിക്കാൻ സന്നദ്ധത അറിയിക്കുകയും ചെയർ അത് അംഗീകരിക്കുകയും ചെയ്തു.

3.57 ചർച്ചയ്ക്ക് ശേഷം പ്രമേയം പിൻവലിച്ചു.

Resolution No.16

<u>Sri. SAJU P.J</u> moved the resolution.

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിൽ അനുവദിക്കപ്പെട്ട അക്ഷയ കേന്ദ്രം ആരംഭിക്കുന്നത് - സംബന്ധിച്ച്.

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിൽ പ്രവർത്തിച്ചിരുന്ന SBI ബ്രാഞ്ച് നിർത്തലാക്കിയതിനാൽ,വിദ്യാർത്ഥികൾക്ക് ഫീസ് അടക്കാനും മറ്റും പ്രയാസം നേരിട്ടിരുന്നു. ഈ പ്രയാസം കണക്കിലെടുത്ത് ക്യാമ്പസ്സിൽ ഒരു അക്ഷയ കിയോസ്ക് അനുവദിക്കണമെന്ന് രജിസ്ട്രാർ സർക്കാരിനോട് ആവശ്യ പ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ അക്ഷയ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തികൊണ്ട്

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിനകത്ത് ഒരു അക്ഷയ കേന്ദ്രം 21-05-2019 ന് അനുവദിച്ചിരുന്നു.

കണ്ണൂർ സർവ്വകലാശാല ജീവനക്കാരുടെ സഹകരണ പ്രസ്ഥാനമായ കണ്ണൂർ യൂണിവേഴ്സിറ്റി എംപ്ലോയീസ് സഹകരണ സംഘത്തിന് ക്യാമ്പസിനകത്തെ അക്ഷയ കേന്ദ്രം എന്ന നിലക്ക്, സംരംഭക തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തികൊണ്ട് ഒരു പ്രത്യേക കേസായി പരിഗണിച്ച് 10-01-2020 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു.

ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിൽ അനുവദിച്ച അക്ഷയ കേന്ദ്രത്തിന്റെ സംരംഭക ചുമതല കണ്ണൂർ യൂണിവേഴ്സിറ്റി എംപ്ലോയീസ് സഹകരണ സംഘത്തിന് അനുവദിച്ചു കൊണ്ട് കണ്ണൂർ സർവ്വകലാശാലയും ഉത്തരവ് പുറപ്പെടുവിക്കയുണ്ടായി.

സംരംഭകരെ തെരഞ്ഞെടുത്ത് സർക്കാർ ഉത്തരവിറങ്ങി ഒരു വർഷമായിട്ടും തുടർപ്രവർത്തനങ്ങളുടെ അഭാവത്തിൽ അക്ഷയ കേന്ദ്രം ഇതുവരെ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ അക്ഷയ കേന്ദ്രം എത്രയും പെട്ടെന്ന് പ്രവർത്തന സജ്ജമാക്കാൻ/ തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സെനറ്റ് പ്രമേയത്തിലൂടെ സർക്കാരിനേടും യൂണിവേഴ്സിറ്റിയോടും ആവശ്യപ്പെടുന്നു.

3.58 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

3.59 പ്രമേയം സഭ പാസ്സാക്കി

Resolution No.17

Dr. PREMACHANDAN KEEZHOTH moved the resolution.

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസിൽ വാഹനങ്ങൾക്ക് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ തുടങ്ങാനുള്ള തീരുമാനം എടുത്താതയി അറിയുന്നു.

വെറും 15 ഏക്കർ മാത്രമുള്ള സർവ്വകലാശാല ആസ്ഥാനം വാണിജ്യാ വശ്യങ്ങൾക്ക് വേണ്ടി നൽകുന്നത് വിദ്യാർത്ഥികളോടും പൊതു സമൂഹത്തോടുമുള്ള വെല്ലുവിളിയാണ്. ഇടുങ്ങിയ റോഡുകളുള്ള സർവ്വകലാശാല ക്യാമ്പസിൽ ബാറ്ററി ചാർജിംഗിനായി അന്യ വാഹനങ്ങൾ കടന്നുവരുമ്പോൾ ഉണ്ടാകാനിടയുള്ള ഗതാഗത കുരുക്കും, ക്രമസമാധാന പ്രശ്നങ്ങളും വിദ്യാർത്ഥികളെ അസ്വസ്ഥരാക്കുമെന്നതിനാലും, ഇതിന്റെ പിറകിലുള്ള ചിലരുടെ വാണിജ്യ താത്പര്യങ്ങൾക്ക് കണ്ണൂർ യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങൾ ഉപയോഗിക്കുന്നത് പ്രതിഷേധാർഹവുമായതിനാൽ പ്രസ്തുത തീരുമാനം റദ്ദു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

3.60 Dr. R.K. Biju പ്രമേയത്തെ പിന്താങ്ങി.

3.61 ഡോ. പ്രേമചന്ദ്രൻ കീഴോത്ത് വിഷയം രാഷ്ട്രീയമായാണ് കാണുന്നതെന്നും കെ.എസ്.ഇ.ബി. നേരിട്ടാണ് ചാർജിംഗ് സ്റ്റേഷൻ നൽകാൻ തീരുമാനിച്ചതെന്നും

ആരുടെയും സ്വാർത്ഥലാഭം ഇക്കാര്യത്തിൽ ഇല്ലെന്നും അതിനാൽ പ്രമേയം തള്ളിക്കളയണമെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. സിൻഡിക്കേറ്റ് എടുത്തതീരുമാനം ഗ്രീൻ ക്യാമ്പസ് എന്ന ആശയത്തിലൂന്നിയുള്ളതാണെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ഡോ. പ്രസാദൻ പി.കെ. ചർച്ചയിൽ പങ്കെടുത്തു.

3.62 ചർച്ചയെ തുടർന്ന് പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.18

Sri. VIJAYAKUMAR. V moved the resolution.

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വകുപ്പ് മേധാവി സ്ഥാനം മൂന്ന് വർഷത്തിലൊരിക്കൽ റൊട്ടേറ്റ് ചെയ്യപ്പെടണമെന്നും മറ്റു സർവ്വകലാശാലകളിൽ സമാന വിഷയത്തിൽ എടുത്ത തീരുമാനങ്ങൾ കണ്ണൂർ സർവ്വകലാശാലയിലും തീരുമാനമെടുക്കണമെന്നും പുതിയ അധ്യാപകരുടെ കഴിവും അറിവും വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് ലഭിക്കത്തക്ക വിധത്തി ലുള്ള തീരുമാനങ്ങൾ ഉണ്ടാകണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.63 Dr. R.K Biju പ്രമേയത്തെ പിന്താങ്ങി.

3.64 വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണെന്നും അടുത്ത അക്കാദമിക് വർഷം മുതൽ ഇത് നടപ്പാക്കാനാവുമെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. Headship 3 വർഷം കൂടുമ്പോൾ rotate ചെയ്യേണ്ടതാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ഗവൺമെന്റ് കോളേജുകളിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് Headship നൽകുന്നതെന്നും ഈ സാഹചര്യത്തിൽ സർവ്വകലാശാലയ്ക്ക് മാത്രമായി ഒരു തീരുമാനം എടുക്കാൻ കഴിയുമോ എന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ ചോദിച്ചു. സീനിയോറിറ്റി നിലനിർത്തിക്കൊണ്ടു തന്നെ Headship rotate ചെയ്യാമെന്നും ചെയർ അഭിപ്രായപ്പെട്ടു.

3.65 പ്രമേയം സഭ പാസ്സാക്കി

Resolution No.19

Smt. LATHA E.S moved the resolution.

Various payments from the University by way of remuneration and Daily Allowances for various duties undertaken is done via bank transfer. very often there are complaints regarding the non receipt of such remuneration. The money transferred to the account of the beneficiaries are described as “By Bulk Posting – Salary”. The Senate resolves to describe such payments/transfers with the details of the remuneration like ‘CV Camp

April/May', 'TE in connection with Board of Studies meeting' so on..., instead of the general description 'By Salary'.

3.66 Sri. Shanavas SM പ്രമേയത്തെ പിന്താങ്ങി.

3.67 പ്രമേയം സഭ പാസ്സാക്കി

Resolution No.20

Sri. K.V. UNNIKRISHNAN moved the resolution.

കണ്ണൂർ സർവ്വകലാശാലയിൽ പുതുതായി പ്രവേശനം നേടിയ ബിരുദ - ബിരുദാനന്തര വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ മാസങ്ങളോളം വൈകി തുടങ്ങിയ പശ്ചാത്തലത്തിൽ ഓരോ പ്രോഗ്രാമിന്റെയും മൊഡ്യൂളുകൾ കുറച്ച് സിലബസ് ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയം മുഖേന ഞാൻ ആവശ്യപ്പെടുന്നു.

3.68 ഡോ. കെ.ടി. ചന്ദ്രമോഹനന്റെ നേതൃത്വത്തിലുള്ള സമിതി അക്കാദമിക്-എക്സാം കലണ്ടർ നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. സിലബസ് വെട്ടിക്കുറയ്ക്കുന്ന സമീപനം സ്വീകരിക്കരുതെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി. അഭിപ്രായപ്പെട്ടു.

3.69 ചർച്ചയെ തുടർന്ന് പ്രമേയം പിൻവലിച്ചു.

Resolution No.21

Dr. SHANOJ M.P moved the resolution.

യുജിസി പുതുതായി അനുവദിച്ച B-voc സർട്ടിഫിക്കറ്റ് കോഴ്സുകളുടെ സാമ്പത്തിക ബാധ്യത കോളേജുകളുടെ ചുമതലയിൽ പെടുത്താതെ അതിനാവശ്യമായ സാമ്പത്തിക സഹായം യുജിസിയുടെ ഭാഗത്തുനിന്നു തന്നെ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.70 Smt. Sona P പ്രമേയത്തെ പിന്താങ്ങി.

3.71 പ്രമേയം സഭ പാസ്സാക്കി.

Resolution No.22

Smt. LATHA E.S moved the resolution.

The Single Window online Admission for the various UG & PG courses may be made more effective by making the allotment online till the final choice. That is the student may need to go to the allotted college after the final choice.

3.72 Sri. Shanavas SM പ്രമേയത്തെ പിന്താങ്ങി.

3.73 ഡോ. ടി.പി അഷറഫ് ചർച്ചയിൽ പങ്കെടുത്തു.

3.74 പ്രമേയം സഭ പാസ്സാക്കി

Resolution No.23

<u>Sri. SHANAVAS S.M</u> moved the resolution.

> 2020 മാർച്ച് മാസത്തിനു ശേഷം (After COVID) Ph.D തീസിസ് സമർപ്പിക്കേണ്ടിയിരുന്ന ഗവേഷണ വിദ്യാർത്ഥികൾക്ക് കോവിഡ് കാരണം ഗവേഷണ പ്രവർത്തനങ്ങളിൽ ഏറെ ബുദ്ധിമുട്ടുകൾ (റിസർച്ച് സെന്ററുകൾ സന്ദർശനം, ലൈബ്രറി സന്ദർശനം, ഗൈഡുമായുള്ള കൂടിക്കാഴ്ചകൾ, ഫീൽഡ് വർക്കുകൾ, ഡാറ്റ കളക്ഷൻ എന്നിവയിൽ) നേരിട്ടതിനാൽ കോവിഡ് ഭയം ഇപ്പോഴും നില നിൽക്കുന്നതിനാലും അവരുടെ ഗവേഷണം പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തെ എക്സ്റ്റൻഷൻ (from the date of submission) അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.75 Ph.D thesis സമർപ്പിക്കുവാനുള്ള തീയ്യതി നീട്ടിയിരിക്കുന്ന സാഹചര്യത്തിൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീ. ഷാനവാസ് എസ്.എം അറിയിച്ചു.

3.76 പ്രമേയം പിൻവലിച്ചു.

Resolution No.24

<u>Smt. SONA P</u> moved the resolution.

> കേന്ദ്രനയത്തെതുടർന്ന് 3.26 ഗ്രേഡ് ലഭിക്കാത്ത സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരിക യുണ്ടായി. പിന്നീട് ഇത് 3.01 ആയി കുറച്ചു എങ്കിലും കണ്ണൂർ സർവ്വകലാശാല യ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങാൻ സാധിക്കാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ വിദൂര വിദ്യാഭ്യാസത്തിലൂടെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് തുടർപഠനം സാധ്യമാവുന്ന തരത്തിൽ ശ്രീ നാരായണ ഗുരുവിന്റെ പേരിൽ സർവ്വകലാശാല ആരംഭിച്ച സർക്കാറിനെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

3.77 Dr. Ismail Olayikkara പ്രമേയത്തെ പിന്താങ്ങി.

3.78 3.26 ഗ്രേഡ് ലഭിക്കാത്തത് എടുത്തുപറയേണ്ടതില്ലെന്ന് ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. ഈ പോരായ്മ മറികടക്കാനുള്ള ശ്രമങ്ങളാണ് വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി. അഭിപ്രായപ്പെട്ടു.

3.79 പ്രമേയം സഭ പാസ്സാക്കി

Resolution No.25

<u>Sri. MPA RAHIM</u> moved the resolution.

> കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചു വരുന്നു. യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ആർട്സ് & സയൻസ്, പ്രൊഫഷണൽ മാനേജ്മെന്റ് ട്രെയിനിംഗ്, ഓറിയന്റൽ കോളേജുകൾ മഹാഭൂരിഭാഗവും സ്വാശ്രയ കോളേജ് മേഖലയിലാണ്

പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളെക്കാളും അടിസ്ഥാന സൗകര്യ വികസനത്തിലും, കലാ-കായിക മേഖലയിലും പഠന നിലവാര ത്തിലും സാമൂഹ്യസേവന മേഖലയിലും മികച്ചു നിൽക്കുന്നു. സാമ്പത്തികമായി യൂണിവേഴ്സിറ്റിക്ക് ഏറ്റവും കൂടുതൽ മുതൽക്കൂട്ട് ഉള്ളത് സ്വാശ്രയ സ്ഥാപന ങ്ങളാണ്. പല ആർട്സ് & സയൻസ് കോളേജുകളും NAAC Accreditation കിട്ടാൻ പോലും സാധ്യത ഉള്ള കോളേജുകളാണ്. 20 ഓളം സ്വാശ്രയ കോളേജുകൾ NAAC അക്രഡിറ്റേഷനു മായി ബന്ധപ്പെട്ട പ്രവർത്തനം നടത്തി വരുന്നു. എന്നാൽ ഇതുവരെ പെർമനന്റ് അഫിലിയേഷൻ ഈ കോളേജുകൾക്കൊന്നും ലഭിച്ചില്ലെന്നു മാത്രമല്ല അതിനുള്ള നടപടി പോലും നാളിതുവരെ നടന്നിട്ടില്ല.

2(f) & 12(B) സ്വാശ്രയ കോളേജുകൾക്ക് ലഭിക്കുന്നതിന് പെർമനന്റ് അഫിലിയേഷൻ നിർബന്ധമാണ്. UGC യുടെ എല്ലാ നിബന്ധനകളും സ്വാശ്രയ കോളേജുകൾക്കും ബാധകമാകുന്നുണ്ട്. പക്ഷെ UGC നിബന്ധന പ്രകാരം പെർമനന്റ് അഫിലിയേഷൻ മാത്രം നൽകുന്നില്ല. കേരളത്തിനു പുറത്തുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്കെല്ലാം പെർമനന്റ് അഫിലിയേഷൻ നൽകി വരുന്നു. ഇതുമൂലം RUSA സഹായം ഉൾപ്പെടെ എല്ലാം ലഭിക്കുന്നുണ്ട്. ആയതിനാൽ UGC നിബന്ധനകൾക്ക് വിധേയമായി അർഹതയുള്ള കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണ മെന്നും യൂണിവേഴ്സിറ്റി കമ്മീഷനെ നിയമിക്കണമെന്നും സിൻഡിക്കേറ്റിനോട് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

3.80 Sri. K.V. Unnikrishnan പ്രമേയത്തെ പിന്താങ്ങി.

3.81 സ്വാശ്രയ കോളേജുകളെ ഉയർത്തിക്കാണിക്കുന്നതിന് വേണ്ടി എയ്ഡഡ് കോളേജുകളെ താഴ്ത്തിക്കെട്ടുന്ന രീതി ശരിയല്ലെന്നും അത് പിൻവലിക്കണമെന്നും ഡോ. സുരേഷ് കുമാർ കെ.എസ്. അഭിപ്രായപ്പെട്ടു. ഡോ. പ്രസാദൻ പി.കെ. ചർച്ചയിൽ പങ്കെടുത്തു.

3.82 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.26

Dr. ISMAYIL OLAYIKKARA moved the resolution.

2013-14 കാലയളവിൽ കോളേജുകളിൽ അനുവദിച്ച യുജി, പിജി പ്രോഗ്രാമുകളുടെ അധ്യാപക തസ്തികാ നിർണയം പൂർത്തിയാക്കി സ്ഥിരാധ്യാപകരെ നിയമിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.83 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

3.84 സ്ഥിരാദ്ധ്യാപക നിയമനം ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണെന്നും അതിന് ഗവൺമെന്റിനെ അനുമോദിക്കുന്ന രീതിയിൽ പ്രമേയം ഭേദഗതി ചെയ്യണമെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്. അഭിപ്രായപ്പെട്ടു. പ്രമേയം അടുത്ത

സമ്മേളനത്തിൽ പരിഗണിക്കാമെന്ന് ഡോ. ആർ.കെ. ബിജു അറിയിച്ചു. ശ്രീ. പ്രമോദ് കുമാർ കെ.വിയും ചർച്ചയിൽ പങ്കെടുത്തു.

3.85 സെനറ്റ് ഭേദഗതികളോടെ പ്രമേയം അംഗീകരിച്ചു.

Resolution No.27

Dr. R.K. BIJU moved the resolution.

കേരളത്തിലെ പല സർവ്വകലാശാലകളിലും കോളേജ് അധ്യാപകരുടെ പ്രമോഷനു വേണ്ടി യുജിസി 2018 റെഗുലേഷനിലെ ഇനം നമ്പർ 6.3.7 പ്രകാരം ഓപ്ഷൻ എ, ഓപ്ഷൻ ബി എന്നീ തരത്തിൽ ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിനാൽ കണ്ണൂർ സർവ്വകലാശാലയും ഇത്തരത്തിലൊരു ഫോർമാറ്റ് തയ്യാറാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.86 Dr. Joby. K. Jose പ്രമേയത്തെ പിന്താങ്ങി.

3.87 മേൽ പരാമർശിച്ച ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രമേയത്തിന്റെ ആവശ്യമില്ലെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ഡോ. ജോബി. കെ. ജോസ് ചർച്ചയിൽ പങ്കെടുത്തു.

3.88 ചർച്ചയെ തുടർന്ന് പ്രമേയം സഭ പാസ്സാക്കി

Resolution No.28

Sri. K.V. UNNIKRISHNAN moved the resolution.

കണ്ണൂർ സർവ്വകലാശാല രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ എത്രയും പെട്ടന്ന് നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.89 കണ്ണൂർ സർവ്വകലാശാല 2-ാം സെമസ്റ്റർ പരീക്ഷ നടത്താൻ തീരുമാനിച്ചതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീ. കെ.വി. ഉണ്ണികൃഷ്ണൻ സഭയെ അറിയിച്ചു.

3.90 പ്രമേയം പിൻവലിച്ചു.

Resolution No.29

Dr. SURESH KUMAR K.S moved the resolution.

യൂണിവേഴ്സിറ്റിയിലെ സ്റ്റുഡന്റ് അമിനിറ്റി സെന്റർ പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കണമെന്നും ആധുനീകവത്കരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കണമെന്നും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിവിധ വിഷയങ്ങളിലുള്ള പരമാവധി സേവനങ്ങൾ ഫ്രണ്ട് ഓഫീസിലൂടെ തന്നെ ലഭ്യമാക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.91 Dr. Shanoj M P പ്രമേയത്തെ പിന്താങ്ങി.

3.92 പ്രമേയം സഭ പാസ്സാക്കി

Resolution No.30

Dr. ISMAYIL OLAYIKKARA moved the resolution.

സർവ്വകലാശാലയുടെ നാക് അക്രഡിറ്റേഷന് ഉപകരിക്കുന്ന എക്സ്റ്റൻഷൻ പ്രവർത്തനം എന്ന നിലയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന സായാഹ്ന കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും സർവ്വകലാശാല പഠന വകുപ്പുകൾ കേന്ദ്രീകരിച്ച് ആരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.93 Dr. Saju P.J. പ്രമേയത്തെ പിന്താങ്ങി.

3.94 പ്രമേയം സഭ പാസ്സാക്കി

Resolution No.31

Dr. SURESH KUMAR K.S moved the resolution.

ഗവേഷക വിദ്യാർത്ഥികൾക്കായി യൂണിവേഴ്സിറ്റി നൽകുന്ന സ്കോളർഷിപ്പ് നിലവിൽ യൂണിവേഴ്സിറ്റി സെന്ററുകളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ലഭിക്കുന്നത്. കോളേജുകളിലെ റിസർച്ച് സെന്ററുകളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ആ വിദ്യാർത്ഥികൾക്കുകൂടി സ്കോളർഷിപ്പ് ലഭ്യമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.95 Dr. Ismail Olayikkara പ്രമേയത്തെ പിന്താങ്ങി.

3.96 റഗുലർ കോളേജുകളിലെ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടെന്ന് ഡോ. ആർ.കെ. ബിജുവും ഡോ. ജോബി കെ. ജോസും അറിയിച്ചു. തുടർന്ന് പ്രമേയം ഒഴിവാക്കിയതായി വൈസ് ചാൻസിലർ അറിയിച്ചു.

3.97 പ്രമേയം പിൻവലിച്ചു.

Resolution No.32

Dr. SWARUPA R moved the resolution.

കഴിഞ്ഞ വർഷങ്ങളിൽ യൂണിവേഴ്സിറ്റി റിസൾട്ട് പ്രസിദ്ധപ്പെടുത്തുമ്പോൾ കോളേജ് ലോഗിൻ വഴി മുഴുവൻ വിദ്യാർത്ഥികളുടെയും സെമസ്റ്റർ മാർക്ക് ലിസ്റ്റ് ലഭ്യമാക്കിയിരുന്നു. കോളേജിലെ അക്കാദമിക് പുരോഗതി വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും അക്കാദമിക് കമ്മിറ്റി പോലുള്ള സമിതികൾക്കും അധ്യാപകർക്കും ഇത് വളരെ സഹായകരവും ആയിരുന്നു. ഇക്കഴിഞ്ഞ സെമസ്റ്ററുകളിൽ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റ് കോളേജ് ലോഗിനിൽ ലഭ്യമാക്കുന്നതായി കാണുന്നുല്ല. വരും സെമസ്റ്ററുകളിൽ ഓരോ സെമസ്റ്റർ റിസൾട്ടും (മാർക്ക് ലിസ്റ്റ്) കോളേജ് ലോഗിൻ ഐഡിയിലും ലഭ്യമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.98 Smt. Latha E.S. പ്രമേയത്തെ പിന്താങ്ങി.

3.99 പ്രമേയം സഭ പാസ്സാക്കി

Resolution No.33

<u>Sri. MPA RAHIM</u> moved the resolution.

ഏകജാലക സംവിധാനം കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നടപ്പിലാക്കിയിട്ടുണ്ട് എന്നാൽ വിവിധ യൂണിവേഴ്സിറ്റികളിൽ വ്യത്യസ്ത രൂപത്തിലാണ് നടപ്പിലാക്കുന്നത്. ഇതുമൂലം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കാര്യത്തിൽ പല പ്രയാസങ്ങളും നേരിടുകയാണ്. കൂടാതെ ഏകജാലക സംവിധാനത്തിലെ പോരായ്മകൾ കാരണം അക്കാദമിക്ക് വർഷം വളരെ വൈകിയാണാരംഭിക്കുന്നത്. സെമസ്റ്റർ സിസ്റ്റം ആയതിനാൽ അഡ്മിഷൻ വൈകുന്നത് കാരണം സിലബസ്സ് പൂർത്തിയാക്കാനും കഴിയുന്നില്ല. 90 അദ്ധ്യയനദിനം വേണമെന്ന നിബന്ധനയും പൂർത്തിയാക്കാനും കഴിയുന്നില്ല. കൂടാതെ ഈ കാലതാമസം കാരണം പല വിദ്യാർത്ഥികളും അന്യസംസ്ഥാന ങ്ങളെയാണ് അഡ്മിഷന് ആശ്രയിക്കുന്നത്. ആയതിനാൽ ഏകജാലക സംവിധാനം കുറ്റമറ്റതാക്കുന്നതിന്

1. Plus two റിസൽട്ട് വന്ന ഉടൻ തന്നെ വിദ്യാർത്ഥികളുടെ UG പ്രവേശനം ആരംഭിക്കുക.
2. ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിൽ ആദ്യ 3 അലോട്ട്മെന്റ് പൂർത്തിയാക്കുക, സ്പ്പോട്ട് അഡ്മിഷൻ കഴിഞ്ഞതിനു ശേഷം സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ പ്രക്രിയ തുടങ്ങുക. പ്രസ്തുത അലോട്ട്മെന്റ് പ്രക്രിയ 1 മാസത്തിനകം പൂർത്തിയാക്കുക.
3. ഹയർ ഓപ്ഷൻ വർദ്ധിക്കുന്നതും നീണ്ടുപോകുന്നതും കാരണം സ്വാശ്രയ കോളേജുകളിൽ മെറിറ്റിൽ വന്ന കുട്ടികൾ അഡ്മിഷൻ എടുക്കാതെ പോവുകയാണ്. ഇത് ക്ലാസ്സ് ആരംഭിക്കുന്നതിന് തടസ്സമാവുന്നു. മെറിറ്റ് സീറ്റ് ഒഴിഞ്ഞു കിടക്കുന്നു. ആയതിനാൽ ഹയർ ഓപ്ഷൻ സംവിധാനം, കുറയ്ക്കുന്നതിന് അലോട്ട്മെന്റ് എണ്ണം കുറയ്ക്കുക.

സ്പോട്ട് അഡ്മിഷൻ കഴിഞ്ഞ് ബാക്കിവരുന്ന സീറ്റുകൾക്കായി അതാത് കോളേജുകളിൽ അപേക്ഷിച്ചവരുടെ ലിസ്റ്റ് യൂണിവേഴ്സിറ്റി അതാതു കോളേജുകൾക്ക് നൽകുകയും ലിസ്റ്റിൽനിന്ന് തന്നെ മുൻഗണനാ ക്രമത്തിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുക തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു

3.100 അവതാരകൻ തത്സമയം ഹാജരല്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.34

<u>Dr. PREMACHANDAN KEEZHOTH</u> moved the resolution.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ റിസർച്ച് ചെയ്യാൻ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണല്ലോ. പി.ജി കഴിയുന്ന ഒരു വിദ്യാർത്ഥി application process കഴിഞ്ഞ് ഗവേഷണം തുടങ്ങുമ്പോൾ വിലപ്പെട്ട 1 വർഷമാണ്

നഷ്ടപ്പെടാൻ പോകുന്നത് എന്നതിനാൽ പി.ജി റിസൾട്ട് വരുമ്പോൾ തന്നെ ഗവേഷണത്തിനുള്ള അപേക്ഷയും ക്ഷണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3.101 നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് പ്രമേയത്തിൽ ഉള്ളതെന്നും അത് കൊണ്ട് തന്നെ പ്രമേയത്തിന് പ്രസക്തിയില്ലെന്നും ചെയറിലുണ്ടായിരുന്ന പ്രോ. വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ഡോ. ജോബി. കെ. ജോസ് ശ്രീ. സാജു. പി.ജെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

3.102 തുടർന്ന് പ്രമേയം സഭ തള്ളി.

Resolution No.35

Dr. SHANOJ M.P moved the resolution.

സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും 197 പുതിയ കോഴ്സുകൾ അനുവദിച്ച് കോവിഡ് കാലത്തെ പ്രതിസന്ധികൾക്കിടയിലും വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പഠനാവസരങ്ങൾ സൃഷ്ടിച്ചതിന് സർക്കാരിനെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

3.103 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

3.104 പ്രമേയം സഭ പാസ്സാക്കി

Resolution No.36

Sri. VIJAYAKUMAR. V moved the resolution.

റിഫ്രഷർ/ ഓറിയന്റേഷൻ/ ഷോർട്ട് ടേം കോഴ്സുകൾ UGC – HRDC - യിലൂടെ സർവ്വകലാശാലകൾ നൽകുമ്പോൾ, ദിവസേന രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെയുള്ള ദൈർഘ്യമേറിയ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന അധ്യാപകർ വളരെയേറെ ശാരീരിക - മാനസിക വിഷമതകൾ അനുഭവിക്കുന്നു. ആയതിനാൽ ക്ലാസുകളുടെ സമയ ദൈർഘ്യം കുറച്ച് കോഴ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടിയും നിലവിലുള്ള ആശങ്കകൾ സർവ്വകലാശാല യു.ജി.സിയെ അറിയിക്കുന്നതിന് മുൻകൈ എടുക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.105 അവതാരകൻ തത്സമയം ഹാജരല്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.37

Smt. SONA P moved the resolution.

പാലയാട് ക്യാമ്പസിലെ ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ മാതൃകയിൽ കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ തുടങ്ങിയവർക്ക് ട്രെയിനിംഗ് നൽകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് യൂണിവേഴ്സിറ്റിയുടെ സാമൂഹ്യമായ ഇടപെടൽ ശക്തമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.106 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

3.107 പ്രമേയം സഭ പാസ്സാക്കി

Resolution No.38

Dr. ISMAYIL OLAYIKKARA moved the resolution.

സർക്കാരുകളുടെ അധികാരഘടനയും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശവും തമ്മിലുള്ള വ്യത്യസ്തതകൾ മനസിലാക്കാതെ ഉദ്യോഗസ്ഥ വിഭാഗം നടത്തുന്ന തെറ്റായ വ്യാഖ്യാനങ്ങൾ സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശങ്ങളെ കവർന്നെടുക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിന് തടയിടാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.108 Sri. Shanavas S.M. പ്രമേയത്തെ പിന്താങ്ങി.

3.109 ഈ വിഷയം തന്നെയാണ് കഴിഞ്ഞ സെനറ്റ് യോഗത്തിൽ പ്രമേയമായി അവതരിപ്പിച്ചതെന്നും അത് വോട്ടിനിട്ട് തള്ളുകയാണ് ഉണ്ടായതെന്നും ഈ പ്രമേയമെങ്കിലും അംഗീകരിക്കണമെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. പ്രമേയത്തിൽ വ്യക്തതയില്ലെന്നും തള്ളിക്കളയണമെന്നും ഡോ. പ്രസാദൻ പി.കെയും ശ്രീ. സാജു. പി.ജെയും അഭിപ്രായപ്പെട്ടു. സർവ്വകലാശാല സ്വയം ഭരണം സംരക്ഷിക്കുക എന്ന കാര്യത്തിൽ ഒരു പ്രമേയം അവതരിപ്പിക്കുന്ന സാഹചര്യത്തിൽ ഈ പ്രമേയം മാറ്റി വെക്കുകയോ തള്ളിക്കളയുകയോ ചെയ്യണമെന്ന് ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. പ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നെന്നും തള്ളിക്കളയരുതെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ശ്രീ. ഷാനവാസ് എസ്.എം. എന്നിവർ അഭിപ്രായപ്പെട്ടു.സർക്കരിനെ കുറ്റപ്പെടുത്തുന്ന പ്രമേയമല്ല ഇതെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു. സർവ്വകലാശാലയുടെ ഓട്ടോണമി സംരക്ഷിക്കപ്പെടണമെന്ന ഭേദഗതിയോടെ പ്രമേയം അംഗീകരിക്കണമെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു. നേരത്തെ അവതരിപ്പിച്ച പ്രമേയത്തിന്റെ സപ്ലിമെന്റ് ആയിട്ട് ഇതിനെ കണ്ടാൽ മതിയെന്നും ഗവൺമെണ്ടിന്റെ പല തീരുമാനങ്ങളും ദുർവ്യാഖ്യാനം ചെയ്യുന്ന സാഹചര്യമുണ്ടെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

3.110 തുടർന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ച ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

Resolution No.39

Sri. SAJU P.J moved the resolution.

സർവ്വകലാശാലയിൽ ടീച്ചിംഗ് - നോൺ ടീച്ചിംഗ് തസ്തിക സൃഷ്ടിക്കൽ - പ്രവർത്തനം ത്വരിതപ്പെടുത്തുക.

കണ്ണൂർ സർവ്വകലാശാലയിൽ അധ്യാപക - അനധ്യാപക തസ്തികകൾ വളരെ കുറവാണ്. ലൈബ്രറി, എൻജിനീയറിംഗ്, കംപ്യൂട്ടർ വിഭാഗങ്ങളിൽ മതിയായ

തസ്തികകളുടെ അഭാവം ആ വിഭാഗങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ 3 വിഭാഗങ്ങളിലായി 41 തസ്തികകൾക്ക് ഗവൺമെന്റ് കരാർ നിയമനത്തിന് അനുമതി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ തസ്തികകൾക്ക് എത്രയും പെട്ടെന്ന് സ്ഥിരാംഗീകാരം നേടിയെടുക്കേണ്ടതായുണ്ട്. സർക്കാർ തന്നെ നിയമിച്ച work study committee സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ 324 തസ്തികകളിൽ 100 എണ്ണം മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളൂ. ബാക്കി തസ്തികകൾ അനുവദിക്കണമെന്ന സർവ്വകലാശാലയുടെ അപേക്ഷ സർക്കാറിന്റെ പരിഗണനയിലാണ്. സ്ഥിരം അധ്യാപകരില്ലാത്തത് സർവ്വകലാശാല യുടെ പഠനവകുപ്പുകളിലെ ഗവേഷണ - പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിനാൽ ഇതിനകം തന്നെ സർക്കാറിന് സമർപ്പിക്കപ്പെട്ടിട്ടുള്ള അധ്യാപക - അനധ്യാപക തസ്തികകൾ യാഥാർത്ഥ്യ മാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഗവൺമെന്റിനോടും സർവ്വകലാശാലയോടും അഭ്യർത്ഥിക്കുന്നു.

3.111 Dr. Sureshkumar. K.S പ്രമേയത്തെ പിന്താങ്ങി.

3.112 പ്രമേയം സഭ പാസ്സാക്കി

Resolution No.40

<u>Smt. SONA P</u> moved the resolution.

കോവിഡ് സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനാന്തരീക്ഷം വിദ്യാർത്ഥികൾക്ക് പൂർണമായും നഷ്ടപ്പെടുകയും പഠനം ഓൺലൈൻ പ്ലാറ്റ് ഫോമുകളിലേക്ക് മാറ്റപ്പെടുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥയിൽ പല തരത്തിലുള്ള വൈഷമ്യങ്ങളിലൂടെയും മാനസിക സമ്മർദ്ദങ്ങളിലൂടെയും ആണ് ധാരാളം വിദ്യാർത്ഥികൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദങ്ങളെ ലഘൂകരിക്കാനും അവയെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികളെ സഹായിക്കാനും പറ്റുന്ന പരിപാടികൾ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.113 Dr. Ismail Olayikkara പ്രമേയത്തെ പിന്താങ്ങി.

3.114 പ്രമേയം സഭ പാസ്സാക്കി.

അടിയന്തിര പ്രമേയം

3.115 ഡോ. എം.പി. ഷനോജ് അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

കോവിഡ് വ്യാപനത്തെ തുടർന്ന് അടച്ചിട്ട ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം പുതുവർഷാരംഭത്തോടെ തുറന്നു പ്രവർത്തിക്കാൻ തുടങ്ങുകയാണല്ലോ. വിദ്യാർത്ഥികൾ കലാലയങ്ങളിലെത്തുന്ന സാഹചര്യത്തിൽ അശ്രദ്ധ കൊണ്ടും ജാഗ്രതയില്ലായ്മ കൊണ്ടും കോവിഡിന്റെ സാമൂഹ്യ വ്യാപനം സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. സാമൂഹ്യ വ്യാപനം തടയാനുള്ള

മുൻകരുതലുകൾ സ്വീകരിക്കാനായി ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ആരോഗ്യ പ്രവർത്തകർ, തദ്ദേശ ഭരണകൂടങ്ങൾ, പി ടി എ, കോളേജ് തല സമിതികൾ എന്നിവരെ ഏകോപിപ്പിച്ചു കൊണ്ട് കർമ്മസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ സർവ്വകലാശാല നിർദ്ദേശം നൽകണമെന്നും സമിതിയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

3.116 പ്രമേയത്തെ 20 പേർ പിന്താങ്ങി.

3.117 പ്രമേയം സഭ പാസ്സാക്കി.

3.118 യോഗം കൃത്യം 2.00 മണിക്ക് അവസാനിച്ചു.

Vice Chancellor